

# സ്ത്രീകളും തൊഴിലിടവും

ആശിഷ് റെയ്ച്ചൂർ

സൗജന്യ വിതരണത്തിനു വേണ്ടി മാത്രമുള്ളത്
അച്ചടിയും വിതരണവും: ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ളൂർ, ഇന്ത്യ.
ആദ്യപതിപ്പിന്റെ അച്ചടി: സെപ്റ്റംബർ 2007
പരിഷ്ക്കരിച്ച പതിപ്പിന്റെ അച്ചടി: മെയ് 2020

ബന്ധപ്പെടേണ്ട വിലാസം:
All Peoples Church & World Outreach,
# 319, 2nd Floor, 7th Main, HRBR Layout, 2nd Block,
Kalyan Nagar, Bangalore 560 043 Karnataka, INDIA

Phone: +91-80-25452617
Email: bookrequest@apcwo.org
Website: **apcwo.org**

നൽകപ്പെട്ടിരിക്കുന്ന തിരുവെഴുത്തിന്റെ ഉദ്ധരണികളെല്ലാം വിശുദ്ധ വേദപുസ്തകത്തിന്റെ, ന്യൂ കിംഗ് ജെയിംസ് പതിപ്പിൽ നിന്ന് എടുത്തിട്ടുള്ളതാണ്.
Copyright © 1982 by Thomas Nelson, Inc., Used by permission. All rights reserved.

ബൈബിൾ നിർവ്വചനങ്ങളും എബ്രായ, ഗ്രീക്ക് പദങ്ങളും അവയുടെ അർത്ഥങ്ങളും താഴെ പറയുന്ന ഗ്രന്ഥങ്ങളിൽ നിന്നും എടുത്തിട്ടുള്ളവയാണ്:

Thayer’s Greek Definitions. Published in 1886, 1889; public domain.
Strong’s Hebrew and Greek Dictionaries, Strong’s Exhaustive Concordance by James Strong, S.T.D., LL.D. Published in 1890; public domain.
Vine’s Complete Expository Dictionary of Old and New Testament Words, © 1984, 1996, Thomas Nelson, Inc., Nashville, TN.

**സാമ്പത്തിക സഹകരണം**
ഓൾ പീപ്പിൾസ് ചർച്ചിലെ അംഗങ്ങളുടെയും പങ്കാളികളുടെയും അഭ്യുദയകാംഷികളുടെയും സാമ്പത്തിക സഹായത്താലാണ് ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യ വിതരണം സാധ്യമാക്കിയത്. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾക്ക് പ്രയോജനം ലഭിച്ചു എങ്കിൽ ഓൾ പീപ്പിൾസ് ചർച്ച് സൗജന്യമായി പ്രസിദ്ധീകരിക്കുന്ന എല്ലാ പ്രസിദ്ധീകരണങ്ങളും അച്ചടിക്കുന്നതിനും വിതരണത്തിനുമായി സാമ്പത്തികമായ സംഭാവനകൾ ഞങ്ങൾ നിങ്ങളിൽ നിന്നും ക്ഷണിക്കുന്നു. നിങ്ങളുടെ സംഭാവനകൾ എങ്ങനെ നൽകാമെന്നതിനെക്കുറിച്ച് ദയവായി **apcwo.org/give** സന്ദർശിക്കുക. അല്ലെങ്കിൽ ഈ പുസ്തകത്തിന്റെ മറുവശത്തുള്ള “”ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളി” എന്ന പുറം കാണുക. നന്ദി!

**മെയിലിംഗ് ലിസ്റ്റ്**
പ്രസിദ്ധീകരിക്കപ്പെടുന്ന പുതിയ പുസ്തകങ്ങൾ നിങ്ങൾക്ക് ലഭിക്കേണ്ടതിന് നിങ്ങളുടെ വിലാസം ഞങ്ങളുടെ പട്ടികയിൽ ചേർക്കുവാൻ നിങ്ങൾ താൽപ്പര്യപ്പെടുന്നുവെങ്കിൽ, താങ്കളുടെ ശരിയായ വിലാസം ഞങ്ങൾക്ക് താഴെപറയുന്ന ഇമെയിലിൽ അയച്ചുതരിക:
**bookrequest@apcwo.org**

# സ്ത്രീകളും തൊഴിലിടവും

# ഉള്ളടക്കം

1. സ്ത്രീകൾ ജോലി ചെയ്യുന്നത് ശെരിയാണോ?....1

2. ജോലി ചെയ്യുന്ന സ്ത്രീകൾ സ്വന്തം കുടുംബം, ജോലി, ആത്മീയത എന്നിവയെ എങ്ങനെ സമീകരിക്കും?....10

3. ജോലി സ്ഥലത്തെ വെല്ലുവിളികളെ സ്ത്രീകൾ എങ്ങനെ നേരിടും ....15

4. ഇരട്ട വരുമാനമുള്ള കുടുംബങ്ങളുടെ അപകടങ്ങൾ, അവയെ എങ്ങനെ ഒഴിവാക്കാം....20

# 1. സ്ത്രീകൾ ജോലി ചെയ്യുന്നത് ശെരിയാണോ?

“ജോലിസ്ഥലത്തെ സ്ത്രീകൾ” എന്ന വിഷയത്തിൽ ഞാൻ ആദ്യമായി സംസാരിക്കാൻ ഉദ്ദേശിച്ചപ്പോൾ, എന്റെ ഭാര്യ ആമി എന്നോട് ചോദിച്ചു, “ഈ വിഷയത്തിൽ സംസാരിക്കാൻ നിങ്ങൾക്ക് യോഗ്യതയുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ?” ഞാൻ മറുപടി പറഞ്ഞു, “എന്റെ സമീപനം ലളിതമാണ്! ഞാൻ ഉല്പത്തി മുതൽ വെളിപാട് വരെ ബൈബിൾ പഠിക്കാനും ഈ വിഷയത്തിൽ ബൈബിൾ എന്താണ് പറയുന്നതെന്ന് കണ്ടെത്താനും അത് സദസ്സിൽ അവതരിപ്പിക്കാനും പോകുന്നു.” അതിനാൽ, ഞാൻ ഇവിടെ പങ്കിടുന്നത് വ്യക്തമായും എന്റെ സ്വന്തം അനുഭവത്തിൽ നിന്നല്ല, മറിച്ച് വചനത്തിലുള്ള എന്റെ പഠനത്തിൽ നിന്നാണ്. ഈ വിഷയത്തെക്കുറിച്ച് ഒരു ബൈബിൾ സമീപനം സ്വീകരിക്കുകയും, അത് നമ്മുടെ ജീവിതത്തിൽ പ്രായോഗിഗമാക്കാൻ പഠിക്കുകയും ചെയ്യാം!

സ്ത്രീകൾ ജോലിചെയ്യുന്നത് ശെരിയാണോ? ആളുകൾക്ക് ഇതിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ചിലർ “ഉവ്വ്” എന്നും മറ്റുള്ളവർ “ഇല്ല” എന്നും പറയുന്നു. സ്ത്രീകൾ വീട്ടിൽ തന്നെ നിൽക്കണം, പുറത്തേക്കിറങ്ങരുത്.” ആളുകൾ അവരുടെ അഭിപ്രായങ്ങൾ ശരിവയ്ക്കുന്നതിനായി തിരുവെഴുത്തുകൾ ഉദ്ധരിച്ചേക്കാം. എന്നാൽ ഇതിനെക്കുറിച്ച് വേദപുസ്തകം എന്ത് പറയുന്നു എന്ന് നമുക്ക് നോക്കാം.

## സ്ത്രീകളെക്കുറിച്ചുള്ള ബൈബിൾ വീക്ഷണം

**ഉല്പത്തി 2:18**
**അനന്തരം യഹോവയായ ദൈവം: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല: ഞാൻ അവനു തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും എന്ന് അരുളിച്ചെയ്തു.**

**സ്ത്രീകളും തൊഴിലിടവും**

എന്തുകൊണ്ടാണ് സ്ത്രീയെ സൃഷ്ടിച്ചത്? രണ്ട് ലളിതമായ കാരണങ്ങളാൽ ദൈവം സ്ത്രീയെ സൃഷ്ടിച്ചു–ഒരു പങ്കാളിയായും പുരുഷന് ഒരു സഹായിയായും. അവൾ അവന്റെ "സഹായി കൂടിയായിരുന്നു." എബ്രായ ഭാഷയിൽ ഇതിനർത്ഥം "എതിർ ഭാഗത്തുള്ളയാൾ" പ്രതിരൂപം എന്നൊക്കെയാണ്. അതിനാൽ, സ്ത്രീയെ സൃഷ്ടിച്ചത് പുരുഷന്റെ കീഴ്ജോലിക്കാരിയാകാനല്ല, മറിച്ച് അവന്റെ പ്രതിരൂപം–ഒരു തുല്യമായ ഭാഗം ആകാനാണ്. അങ്ങനെ പുരുഷനും സ്ത്രീയും തുല്യരായി സൃഷ്ടിക്കപ്പെട്ടു. അതിനാൽ, പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധം പരസ്പരപൂരകമായിരിക്കാനാണ് ഉദ്ദേശിച്ചത്. അവർ പരസ്പരം "പങ്കാളിയും സഹായിയും" ആയിരിക്കണം. എന്നാൽ വീഴ്ചയുടെ സമയത്ത്, ഇതെല്ലാം മാറി.

**ഉല്പത്തി 3:16**
**സ്ത്രീയോട് കല്പിച്ചത്: "ഞാൻ നിനക്ക് കഷ്ടവും ഗർഭധാരണവും ഏറ്റവും വർദ്ധിപ്പിക്കും. നീ വേദനയോടെ മക്കളെ പ്രസവിക്കും; നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടു ആകും; അവൻ നിന്നെ ഭരിക്കും."**

ദൈവം ആദ്യം പുരുഷനെയും സ്ത്രീയെയും പ്രതിരൂപങ്ങളായി രൂപകൽപ്പന ചെയ്തിരുന്നു, എന്നാൽ വീഴ്ചയുടെ ദിവസം മുതൽ സ്ത്രീ പുരുഷന് കീഴ്പെട്ടു, അവളുടെ ആഗ്രഹവും വാഞ്ഛയും ഭർത്താവിനോടായിത്തീർന്നു, അവൻ അവളെ ഭരിച്ചു. അങ്ങനെ, വീഴ്ച കാരണം, പുരുഷൻ ആധിപത്യം പുലർത്തുന്ന ഒരു തകർന്ന ലോകത്തിലാണ് ഇന്ന് നാമിപ്പോൾ. ഇതൊരു തകർന്ന അവസ്ഥയാണ്, അല്ലാതെ ദൈവം ഉദ്ദേശിച്ച അവസ്ഥയല്ല. എന്നാൽ സന്തോഷവാർത്ത എന്തെന്നാൽ, വീണ്ടെടുപ്പിൽ ക്രിസ്തു സ്ത്രീയെ പുരുഷനുമായി തുല്യനാക്കി. ക്രിസ്തുവിൽ സ്ത്രീയും പുരുഷനും എന്നില്ല. ക്രിസ്തുവിൽ "യഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നും ഇല്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ "(ഗലാത്യർ 3:28).

പുരുഷനും സ്ത്രീയും ഇപ്പോൾ കൃപയുടെയും ജീവന്റെയും സഹകാരികളാണ് (ഗ്രീക്ക് = "പങ്കാളികൾ ഒരുമിച്ച്).

**1 പത്രോസ് 3: 7**
**അങ്ങനെ തന്നെ ഭർത്താക്കന്മാരെ നിങ്ങളുടെ പ്രാർത്ഥനക്കു മുടക്കം വരാതിരിക്കേണ്ടതിനു വിവേകത്തോടെ ഭാര്യമാരോട് കൂടെ വസിച്ചു സ്ത്രീജനം**

**ബലഹീനപാത്രമെന്നും അവർ ജീവന്റെ കൃപക്ക് കൂട്ടവകാശികൾ എന്നും ഓർത്ത് അവർക്കു ബഹുമാനം കൊടുപ്പിൻ.**

ദൈവത്തിന്റെ കാര്യങ്ങളിൽ സ്ത്രീയും തുല്യമായ ഭാഗമാണെന്ന് പുരുഷൻ മനസ്സിലാക്കണം. എന്നിരുന്നാലും, വീണ്ടെടുക്കപ്പെടാത്ത, വീണുപോയ ഈ ലോകത്ത്, മുഖ്യമായും പുരുഷൻ ആധിപത്യം പുലർത്തുന്നതായി നാം ഇപ്പോഴും കാണുന്നു. ലോകം പൂർണ്ണമായും ഇന്നും വീണ്ടെടുക്കപ്പെട്ടിട്ടില്ല, അതിനാൽ ഈ ഘടന ഇന്നും തുടരുന്നു.

# ബൈബിളിലെ സ്ത്രീകൾ

ദൈവവചനത്തിലുള്ള ഞങ്ങളുടെ പഠനത്തിൽ, ചരിത്രത്തിലുടനീളം, വീടുകൾക്ക് പുറത്ത്, സ്ത്രീകളെ വിവിധ കഴിവുകളിൽ ദൈവം ഉപയോഗിച്ചിട്ടുണ്ടെന്ന് ഞങ്ങൾ കണ്ടെത്തി. ഉദാഹരണങ്ങളുടെ ഒരു ദ്രുത പട്ടിക:

## മിര്യാം പ്രവാചകി

**പുറപ്പാടു 15:20**
**അഹരോന്റെ സഹോദരി മിര്യാം എന്ന പ്രവാചകി കയ്യിൽ തപ്പു എടുത്തു, സ്ത്രീകൾ എല്ലാവരും തപ്പുകളോടും നൃത്തങ്ങളോടും കൂടെ അവളുടെ പിന്നാലെ ചെന്നു.**

## സമാഗമന കൂടാരത്തിന്റെ പണികളിൽ സ്ത്രീകൾ സഹായിച്ചു

**പുറപ്പാട് 35:22,25-26**
**22 പുരുഷന്മാരും സ്ത്രീകളുമായി ഔദാര്യമനസ്സുള്ളവർ എല്ലാവരും യഹോവെക്കു പൊൻവഴിപാടു കൊടുപ്പാൻ നിശ്ചയിച്ചവരൊക്കെയും വള, കുണുക്കു, മോതിരം, മാല മുതലായ സകലവിധ പൊന്നാഭരണങ്ങളും കൊണ്ടുവന്നു.**
**25 സാമർത്ഥ്യമുള്ള സ്ത്രീകൾ ഒക്കെയും തങ്ങളുടെ കൈകൊണ്ടു നൂറ്റ നീലനൂലും ധൂമ്രനൂലും ചുവപ്പു നൂലും പഞ്ഞിനൂലും കൊണ്ടുവന്നു.**
**26 സാമർത്ഥ്യത്താൽ ഹൃദയത്തിൽ ഉത്സാഹം തോന്നിയ സ്ത്രീകൾ ഒക്കെയും കോലാട്ടുരോമം നൂറ്റു.**

## സ്ത്രീകളേയും ദൈവവചനം പഠിപ്പിക്കണമെന്ന് ദൈവം ആഗ്രഹിച്ചു

**ആവർത്തനം 31:12**
**പുരുഷന്മാരും സ്ത്രീകളും കുട്ടികളും നിന്റെ പട്ടണത്തിലുള്ള പരദേശിയും കേട്ടു പഠിച്ചു നിങ്ങളുടെ ദൈവമായ യഹോവയെ ഭയപ്പെട്ടു ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ ഒക്കെയും പ്രമാണിച്ചുനടക്കേണ്ടതിന്നും.**

### ദെബോരാ

ദെബോരാ എന്ന പ്രവാചകി യിസ്രായേലിന്നു ന്യായപാലനം ചെയ്തു (ന്യായ 4:4)

### യായേൽ

സീസരയുടെ തലയിൽ ആണി തറച്ചു കൊന്ന് യായേൽ യിസ്രായേലിന്നു വലിയ വിജയം നൽകി (ന്യായ 4:21)

## യെരുശലേമിന്റെ മതിലിന്റെ പുനർനിർമാണത്തിനു സഹായിക്കുവാൻ ദൈവം സ്ത്രീകളെ ഉപയോഗിച്ചു.

**നെഹെമ്യാവ് 3:12**
**അവന്റെ അപ്പുറം യെരൂശലേംദേശത്തിന്റെ മറ്റെ പാതിക്കു പ്രഭുവായ ഹല്ലോഹേശിന്റെ മകൻ ശല്ലൂമും അവന്റെ പുത്രിമാരും അറ്റകുറ്റം തീർത്തു.**

### എസ്ഥേർ

ദൈവജനത്തിന് വിടുതൽ നൽകിയ രാജ്ഞിയായിരുന്നു എസ്ഥേർ.

### യേശുവിനെ ശുശ്രൂഷിക്കുന്ന സ്ത്രീകൾ

പുതിയ നിയമത്തിൽ, യേശുവിനെ ശുശ്രൂഷിച്ച സ്ത്രീകളെക്കുറിച്ച് നാം വായിക്കുന്നു.

**മർക്കോസ് 15:41**
**അവൻ ഗലീലയിൽ ഇരിക്കുമ്പോൾ അവർ അവനെ അനുഗമിച്ചും ശുശ്രൂഷിച്ചും പോന്നു; അവനോടുകൂടെ യെരൂശലേമിലേക്കു വന്ന മറ്റു സ്ത്രീകളും ഉണ്ടായിരുന്നു.**

## സ്ത്രീകളും തൊഴിലിടവും

**ലൂക്കോസ് 8:1-3**

**1 അനന്തരം അവൻ ദൈവരാജ്യം പ്രസംഗിച്ചും സുവിശേഷിച്ചുംകൊണ്ടു പട്ടണംതോറും സഞ്ചരിച്ചു.**
**2 അവനോടുകൂടെ പന്തിരുവരും അവൻ ദുരാത്മാക്കളെയും വ്യാധികളെയും നീക്കി സൌഖ്യം വരുത്തിയ ചില സ്ത്രീകളും ഏഴു ഭൂതങ്ങൾ വിട്ടുപോയ മഗ്ദലക്കാരത്തി മറിയയും**
**3 ഹെരോദാവിന്റെ കാര്യവിചാരകനായ കൂസയുടെ ഭാര്യ യോഹന്നയും ശൂശന്നയും തങ്ങളുടെ വസ്തുവകകൊണ്ടു അവർക്കു ശുശ്രൂഷ ചെയ്തു പോന്ന മറ്റു പല സ്ത്രികളും ഉണ്ടായിരുന്നു.**

## ലുദിയ

**അ. പ്രവർത്തികൾ 16:14**

**തുയത്തൈരാപട്ടണക്കാരത്തിയും രക്താംബരം വില്ക്കുന്നവളുമായി ലുദിയ എന്നു പേരുള്ള ദൈവ ഭക്തയായോരു സ്ത്രീ കേട്ടുകൊണ്ടിരുന്നു. പൌലൊസ് സംസാരിച്ചതു ശ്രദ്ധിക്കേണ്ടതിന്നു കർത്താവു അവളുടെ ഹൃദയം തുറന്നു.**

ഫിലിപ്പിയിലെ ബിസിനെസ്സുകാരിയായിരുന്ന ലുദിയ രക്താംബരം വിൽക്കുന്നവളായിരുന്നു. ഫിലിപ്പിയയിൽ ഒരു സഭ ആരംഭിക്കുന്നതിനു വേണ്ടി അവളുടെ ഭവനം തുറന്നുകൊടുക്കാൻ ദൈവം അവളെ സഹായിച്ചു. അവർ തടവു വിട്ടു ലുദിയയുടെ വീട്ടിൽ ചെന്നു സഹോദരന്മാരെ കണ്ടു ആശ്വസിപ്പിച്ചശേഷം പുറപ്പെട്ടു പോയി. (അ.പ്രവർത്തികൾ 16:40)

## അക്വിലയും പ്രിസ്കില്ലയും

**അ. പ്രവർത്തികൾ 18:1-4**

**1 അനന്തരം അവൻ അഥേന വിട്ടു കൊരിന്തിൽ ചെന്നു.**
**2 യെഹൂദന്മാർ എല്ലാവരും റോമനഗരം വിട്ടു പോകണം എന്നു ക്ളൌദ്യൊസ് കല്പിച്ചതുകൊണ്ടു ഇത്തല്യയിൽ നിന്നു ആ ഇടെക്കു വന്നവനായി പൊന്തൊസ്കാരൻ അക്വിലാസ് എന്നു പേരുള്ളോരു യെഹൂദനെയും അവന്റെ ഭാര്യ പ്രിസ്കില്ലയെയും കണ്ടു അവരുടെ അടുക്കൽ ചെന്നു.**
**3 തൊഴിൽ ഒന്നാകകൊണ്ടു അവൻ അവരോടുകൂടെ പാർത്തു വേല ചെയ്തുപോന്നു; തൊഴിലോ കൂടാരപ്പണിയായിരുന്നു.**
**4 എന്നാൽ ശബ്ബത്ത്തോറും അവൻ പള്ളിയിൽ സംവാദിച്ചു യെഹൂദന്മാരെയും യവനന്മാരെയും സമ്മതിപ്പിച്ചു.**

അക്വിലയും പ്രിസ്കില്ലയും കൂടാര നിർമ്മാതാക്കളായിരുന്നു - പൗലോസിന്റെ ശുശ്രൂഷ പങ്കാളികളായിരുന്ന ബിസിനസ്സ് ദമ്പതികൾ.

കുറഞ്ഞത് മറ്റ് മൂന്ന് സ്ഥലങ്ങളിലെങ്കിലും പൗലോസ് അവരെ തന്റെ സഹപ്രവർത്തകരായി പരാമർശിക്കുന്നു (റോമർ 16:3; 1 കൊരിന്ത്യർ 16:19; 2 തിമോത്തി 4:19).

## ഫേബ, യൂനിയാവ് മറ്റു സ്ത്രീകളും

**റോമർ 16: 1-7**

**1 നമ്മുടെ സഹോദരിയും കെംക്രെയസഭയിലെ ശുശ്രൂഷക്കാരത്തിയുമായ ഫേബയെ**
**2 നിങ്ങൾ വിശുദ്ധന്മാർക്കു യോഗ്യമാംവണ്ണം കർത്താവിന്റെ നാമത്തിൽ കൈക്കൊണ്ടു, അവൾക്കു നിങ്ങളുടെ സഹായം വേണ്ടുന്ന ഏതു കാര്യത്തിലും സഹായിക്കേണ്ടതിന്നു ഞാൻ നിങ്ങളെ ഭാരമേല്പിക്കുന്നു. അവളും പലർക്കും വിശേഷാൽ എനിക്കും സഹായം ചെയ്തിരിക്കുന്നു.**
**3 ക്രിസ്തുയേശുവിൽ എന്റെ കൂട്ടുവേലക്കാരായ പ്രിസ്കയെയും അക്വിലാവെയും വന്ദനം ചെയ്‌വിൻ.**
**4 അവർ എന്റെ പ്രാണന്നു വേണ്ടി തങ്ങളുടെ കഴുത്തു വെച്ചുകൊടുത്തവരാകുന്നു; അവർക്കു ഞാൻ മാത്രമല്ല, ജാതികളുടെ സകലസഭകളും കൂടെ നന്ദിപറയുന്നു.**
**5 അവരുടെ വീട്ടിലെ സഭയെയും വന്ദനം ചെയ്‌വിൻ; ആസ്യയിൽ ക്രിസ്തുവിന്നു ആദ്യഫലമായി എനിക്കു പ്രിയനായ എപ്പൈനത്തൊസിന്നു വന്ദനം ചൊല്ലുവിൻ.**
**6 നിങ്ങൾക്കായി വളരെ അദ്ധ്വാനിച്ചവളായ മറിയെക്കു വന്ദനം ചൊല്ലുവിൻ.**
**7 എന്റെ ചാർച്ചക്കാരും സഹബദ്ധന്മാരായ അന്ത്രൊനിക്കൊസിന്നും യൂനിയാവിന്നും വന്ദനം ചൊല്ലുവിൻ; അവർ അപ്പൊസ്തലന്മാരുടെ ഇടയിൽ പേർകൊണ്ടവരും എനിക്കു മുമ്പെ ക്രിസ്തുവിൽ വിശ്വസിച്ചവരും ആകുന്നു.**

ഫേബ എന്ന ശുശ്രൂഷക്കാരത്തിയാണ് സഭയുടെ പല പ്രവർത്തനങ്ങളുടെയും ചുമതല വഹിച്ചിരുന്നത്. യൂനിയാവ് എന്ന സ്ത്രീ അപ്പോസ്തലൻ പൗലോസിന്റെ സഹപ്രവർത്തകയായിരുന്നു. "...എന്നോടൊപ്പം സുവിശേഷഘോഷണത്തിൽ അധ്വാനിച്ച സ്ത്രീകൾ…" (ഫിലിപ്പിയർ 4:3) എന്ന് പൗലോസ് വിശേഷിപ്പിച്ച മറ്റു സ്ത്രീകളും ഉണ്ടായിരുന്നു.

പരമ്പരാഗത ഭവന ജോലികളുടെ സാഹചര്യത്തിന് പുറത്ത് ദൈവം സ്ത്രീകളെ എങ്ങനെയാണു തന്റെ വേലയിൽ ഉപയോഗപ്പെടുത്തിയെന്നതിന്റെ ഒരു അവലോകനമാണിത്.

# ഒരു സ്ത്രീയുടെ പ്രാഥമിക വിളി

ദൈവം സ്ത്രീയുടെ പ്രാഥമിക ചുമതലയായി ഭർത്താവിന് ഒരു നല്ല ഭാര്യയായിരിക്കുവാനും മക്കൾക്ക് നല്ല അമ്മയായിരിക്കുവാനും വീട് പരിപാലിക്കുന്നവളും ആകണമെന്ന് ബൈബിൾ വ്യക്തമാക്കുന്നു.

**1 തിമോത്തിയോസ് 5:14**
**ആകയാൽ ഇളയവർ വിവാഹം ചെയ്കയും പുത്രസമ്പത്തുണ്ടാക്കുകയും ഭവനം രക്ഷിക്കയും വിരോധിക്കു അപവാദത്തിന്നു അവസരം ഒന്നും കൊടുക്കാതിരിക്കയും വേണം എന്നു ഞാൻ ഇച്ഛിക്കുന്നു**

"ഭവനത്തെ നയിക്കുക" 'ഓയിക്കെടെസ്പോടിയോ' (ഗ്രീക്ക്) = ഒരു കുടുംബത്തിന്റെ തലവനാകുക (അതായത് ഭരണം), വീടിനെ നയിക്കുക.

**തീത്തോസ് 2:4-5**
**4 ദൈവവചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിന്നു യൌവനക്കാരത്തികളെ ഭർത്തൃപ്രിയമാരും പുത്രപ്രിയമാരും**
**5 സുബോധവും പാതിവ്രത്യവുമുള്ളവരും വീട്ടുകാര്യം നോക്കുന്നവരും ദയയുള്ളവരും ഭർത്താക്കന്മാർക്കു കീഴ്പെടുന്നവരും ആയിരിപ്പാൻ ശീലിപ്പിക്കേണ്ടതിന്നു നന്മ ഉപദേശിക്കുന്നവരായിരിക്കേണം എന്നും പ്രബോധിപ്പിക്ക.**

സ്ത്രീ തന്റെ വീട്ടു കാര്യങ്ങൾ കൈകാര്യം ചെയ്യുകയും വീട്ടിൽ ഒരു നേതാവാകുകയും വേണം. അവൾ എങ്ങനെ ഇവിടെ ശെരിയായ ബാലൻസ് പുലർത്തും? ഒരു സ്ത്രീ പുറത്തു ജോലിചെയ്യുന്നത് ശരിയാണോ? ഉത്തരം "അതെ" എന്നതാണ്.

ജോലിസ്ഥലത്തെ സ്ത്രീകളെക്കുറിച്ചുള്ള യഥാർത്ഥ വസ്തുത

- സ്ത്രീകൾ പുറം ജോലിചെയ്യാൻ പാടില്ലെന്ന് ബൈബിൾ വ്യക്തമായി എവിടെയും പറഞ്ഞിട്ടില്ല. വേദപുസ്തക വ്യാഖ്യാനത്തിൽ, ബൈബിൾ എന്തെങ്കിലും കാര്യത്തെ എതിർക്കുന്നില്ലെങ്കിൽ, അതിനർത്ഥം മറ്റ് അനുബന്ധ തിരുവെഴുത്തുകൾ നിശ്ചയിച്ചിരിക്കുന്ന അതിരുകൾക്കുള്ളിൽ നിന്നുകൊണ്ട് ശരിയായ തീരുമാനമെടുക്കാൻ ദൈവം നമ്മെ അനുവദിക്കുന്നു എന്നാണ്.

ഉദാഹരണത്തിന്, "ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു" എന്ന് ദൈവം പറഞ്ഞു, പക്ഷേ മരുന്നുകൾ കഴിക്കുകയോ

**സ്ത്രീകളും തൊഴിലിടവും**

ഡോക്ടറുടെ അടുക്കൽ പോകുകയോ ചെയ്യരുതെന്ന് അവിടുന്ന് നമ്മളോട് പറഞ്ഞിട്ടില്ല. എന്നാൽ ചിലർ അതിനെ തെറ്റായി വ്യാഖ്യാനിക്കുന്നു. രോഗശാന്തിക്കായി നാം ദൈവത്തെ നോക്കേണ്ടതുണ്ട്, പക്ഷേ അസുഖമുള്ളപ്പോൾ മരുന്നുകൾ കഴിക്കുകയോ ഡോക്ടറെ സന്ദർശിക്കുകയോ ചെയ്യുന്നതിൽ തെറ്റില്ല. അതുപോലെ തന്നെ, ഒരു സ്ത്രീയുടെ പ്രാഥമിക വിളി ഭർത്താവിന് ഭാര്യയും മക്കൾക്ക് അമ്മയും വീടിന്റെ സൂക്ഷിപ്പുകാരിയുമാണെന്ന് ദൈവം പറഞ്ഞിട്ടുണ്ട്. എന്നാൽ ഒരു സ്ത്രീ മറ്റു തൊഴിലുകളിൽ ഏർപ്പെടരുതെന്ന് ദൈവം പറഞ്ഞിട്ടില്ല. അതിനാൽ തിരുവെഴുത്തുകളെ തെറ്റായി വ്യാഖ്യാനിക്കരുത്.

- ലിംഗഭേദമില്ലാതെ ദൈവം ജനങ്ങൾക്ക് കൃപാദാനങ്ങൾ നൽകുന്നു

**റോമർസ് 12:6-8**
**6 ആകയാൽ നമുക്കു ലഭിച്ച കൃപെക്കു ഒത്തവണ്ണം വെവ്വേറെ വരം ഉള്ളതുകൊണ്ടു പ്രവചനം എങ്കിൽ വിശ്വാസത്തിന്നു ഒത്തവണ്ണം,**
**7 ശുശ്രൂഷ എങ്കിൽ ശുശ്രൂഷയിൽ, ഉപദേശിക്കുന്നവൻ എങ്കിൽ ഉപദേശത്തിൽ, പ്രബോധിപ്പിക്കുന്നവൻ എങ്കിൽ**
**8 പ്രബോധനത്തിൽ, ദാനം ചെയ്യുന്നവൻ ഏകാഗ്രതയോടെ, ഭരിക്കുന്നവൻ ഉത്സാഹത്തോടെ, കരുണചെയ്യുന്നവൻ പ്രസന്നതയോടെ ആകട്ടെ.**

നേതൃത്വപാടവം, ഭരണനിർവഹണം , അദ്ധ്യാപനം, പ്രവചനം, മികച്ച സാമ്പത്തികമായ കഴിവുകൾ എന്നിവയുടെ ദാനങ്ങൾ ലഭിച്ച സ്ത്രീകൾ ഉണ്ടാകും. ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിൽ അല്ല ഈ കൃപാദാനങ്ങൾ നൽകിയിട്ടുള്ളത്. ഈ കൃപാദാനങ്ങൾ ഉപയോഗിക്കേണ്ടിവന്നേക്കാവുന്ന വ്യക്തമായ സ്ഥലങ്ങളിൽ ഒന്ന് വീടിന് പുറത്തുള്ള, ജോലിസ്ഥലത്ത് ആയിരിക്കും.

സദൃശവാക്യങ്ങൾ 31-ൽ, സ്ത്രീയെക്കുറിച്ചുള്ള വിവരണം വീട്ടിലെ അവളുടെ കഴിവുകളെക്കുറിച്ച് മാത്രമല്ല, അവൾ വീടിന് പുറത്തുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതായി കൂടി കാണിക്കുന്നു, അവയിൽ ചിലത് ബിസിനസ്സിലുള്ള അവളുടെ ഇടപെടലിനെ വ്യക്തമായി സൂചിപ്പിക്കുന്നു. കാരണം, അത് ചെയ്യുവാൻ ഉള്ള കൃപാദാനങ്ങൾ ദൈവം അവൾക്ക് നൽകിയിട്ടുണ്ട്.

**സ്ത്രീകളും തൊഴിലിടവും**

**സാദ്രശ്യവാക്യങ്ങൾ 31:16,19,24**
**16 അവൾ ഒരു നിലത്തിന്മേൽ ദൃഷ്ടിവെച്ചു അതു മേടിക്കുന്നു; കൈനേട്ടംകൊണ്ടു അവൾ ഒരു മുന്തിരിത്തോട്ടം ഉണ്ടാക്കുന്നു.**
**19 അവൾ വിടുത്തലെക്കു കൈ നീട്ടുന്നു; അവളുടെ വിരൽ കതിർ പിടിക്കുന്നു.**
**24 അവൾ ശണവസ്ത്രം ഉണ്ടാക്കി വില്ക്കുന്നു; അരക്കച്ച ഉണ്ടാക്കി കച്ചവടക്കാരനെ ഏല്പിക്കുന്നു.**

- പുരുഷൻ കുടുംബത്തോടുള്ള തന്റെ ഉത്തരവാദിത്തം ഉപേക്ഷിച്ച സന്ദർഭങ്ങളിൽ.

പിതാവോ ഭർത്താവോ ഇല്ലാത്ത സാഹചര്യത്തെക്കുറിച്ചാണ് ഇത്. അത്തരം സന്ദർഭങ്ങളിൽ, സ്ത്രീക്ക് കുട്ടികളെ പരിപാലിക്കാനുണ്ടെങ്കിൽ, അവൾക്ക് നേതൃത്വം ഏറ്റെടുക്കാനും പുറത്തുപോകാനും സമ്പാദിക്കാനും വഴികാട്ടാനും കുടുംബത്തെ ഭരിക്കാനും സ്വാതന്ത്ര്യമുണ്ട്. നമുക്ക് ഈ സമയത്തു പൗലോസിന്റെ നിർദേശത്തെ ഉദ്ധരിക്കാനാവില്ല, "ആകയാൽ ഇളയവർ വിവാഹം ചെയ്കയും പുത്രസമ്പത്തുണ്ടാക്കുകയും ഭവനം രക്ഷിക്കയും വിരോധിക്കു അപവാദത്തിന്നു അവസരം ഒന്നും കൊടുക്കാതിരിക്കയും വേണം എന്നു ഞാൻ ഇച്ഛിക്കുന്നു." (1 തിമോത്തി 5:14) അവൾ വീട്ടിൽ താമസിക്കുകയും കാക്കകൾ അവളെ പോറ്റുകയും ചെയ്യും എന്ന് പ്രതീക്ഷിക്കാനാവില്ല.

- സാമ്പത്തിക പരിഗണനകൾ കാരണം അത് ആവശ്യമായി വന്നേക്കാവുന്ന സന്ദർഭങ്ങളിൽ.

ഭർത്താവ് വീട്ടിലുണ്ടെങ്കിലും ജോലി ചെയ്യുന്നില്ലെങ്കിലോ അയാൾ സമ്പാദിക്കുന്നത് വീടിന് പര്യാപ്തമല്ലെങ്കിലോ, സാമ്പത്തികമായി സംഭാവന നൽകാനും വീട് കൈകാര്യം ചെയ്യാനും സ്ത്രീ പുറത്തുപോയി ജോലി ചെയ്യേണ്ടതുണ്ട്.

## പ്രതിഫലനം/ പുനരാലോചന

1. സ്ത്രീകൾ ജോലി ചെയ്യുന്നത് ശരിയാണെന്ന നിഗമനത്തിൽ നിങ്ങൾ എങ്ങനെ എത്തിച്ചേരും?

# 2. ജോലി ചെയ്യുന്ന സ്ത്രീകൾ സ്വന്തം കുടുംബം, ജോലി, ആത്മീയത എന്നിവയെ എങ്ങനെ സമീകരിക്കും?

കുടുംബം, ജോലി, അവരുടെ സ്വന്തം ആത്മീയത എന്നിവ സന്തുലിതമാക്കുന്നത് ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ വലിയ വെല്ലുവിളിയാണ്. പുരുഷന്മാർ ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുകയും തങ്ങൾക്കു ശുശ്രൂഷ ലഭിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ ജോലിചെയ്യുന്ന സ്ത്രീ പുറത്തുപോയി ജോലി ചെയ്യുക മാത്രമല്ല, വീട്ടിൽ തിരിച്ചെത്തി ഭർത്താവിനെയും മക്കളെയും ശുശ്രൂക്ഷിക്കാൻ വേണ്ടി വീണ്ടും പ്രവർത്തിക്കുന്നു.

## ദൈവം സ്ത്രീയെ ഒരു വ്യക്തി എന്ന നിലയിൽ വിലമതിക്കുന്നു

ലിംഗഭേദമില്ലാതെ  ദൈവം സ്ത്രീയെ വിലയേറിയവളായി കാണുന്നു എന്ന കാര്യം സ്ത്രീകൾ മനസിലാക്കണം. ഉല്പത്തി 3:16 അനുസരിച്ച്, വീഴ്ചയുടെ ശാപങ്ങളിലൊന്ന് സ്ത്രീയുടെ ആഗ്രഹം ഭർത്താവിനോടായിരിക്കും എന്നതാണ്. അതിന്റെ ഫലമായി, ഓരോ സ്ത്രീയും തന്റെ വ്യക്തിത്വത്തെ മനസിലാക്കുന്നത് ഭർത്താവിൽ കൂടിയാണ്. മാത്രമല്ല ഭർത്താവിന്റെ കുടുംബപ്പേര് സ്വാഭാവികമായി അവളുടെ കുടുംബപ്പേരായിത്തീരുന്നു. അവളുടെ മുഴു ലോകവും വിലയും  അവനിൽ നിന്ന് വരുന്നതായി കാണപ്പെടുന്നു.

ദൈവം സ്ത്രീകളെ ഒരു വ്യക്തിയെന്ന നിലയിൽ വില കല്പിക്കുന്നതുകൊണ്ട് സ്ത്രീകൾ അവളുടെ ഭർത്താക്കന്മാരെക്കാളുപരി ദൈവത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ശ്രദ്ധിക്കണം. നിങ്ങളുടെ ആഗ്രഹം ദൈവത്തോടാകണം. നിങ്ങളുടെ വ്യക്തിത്വവും വിലയും മനസിലാക്കുവാൻ ദൈവത്തിലേക്ക് നോക്കുക.

**ഗലാത്യർ 3:28**
**അതിൽ യെഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ.**

## സ്ത്രീകളും തൊഴിലിടവും

ദൈവരാജ്യത്തിൽ ലിംഗ പക്ഷപാതമില്ല. വീണ്ടെടുക്കപ്പെട്ട മനുഷ്യരെന്ന നിലയിൽ സ്ത്രീകളും പുരുഷന്മാരും ദൈവം നൽകിയ അനുഗ്രഹങ്ങൾ സ്വീകരിക്കുന്നതിലും, അഭിഷേകം, വരങ്ങൾ, വിളികൾ, ശുശ്രൂഷാ ചുമതലകൾ തുടങ്ങിയവയിലെല്ലാം തുല്യരാണ്.

**1 കൊരിന്ത്യർ 11:3,11-12**
**3 എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു.**
**11 എന്നാൽ കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയുമില്ല സ്ത്രീയെ കൂടാതെ പുരുഷനുമില്ല.**
**12 സ്ത്രീ പുരുഷനിൽനിന്നു ഉണ്ടായതുപോലെ പുരുഷനും സ്ത്രീ മുഖാന്തരം ഉളവാകുന്നു; എന്നാൽ സകലത്തിന്നും ദൈവം കാരണഭൂതൻ.**

ഒരു മനുഷ്യൻ മനഃപൂർവം തന്നെ ക്രിസ്തുവിന്റെ കർത്രത്വം അംഗീകരിക്കുന്നു, അല്ലെങ്കിൽ ക്രിസ്തു പിതാവിനോട് തുല്യത പുലർത്തുന്നുണ്ടെങ്കിലും, ഭൂമിയിലായിരിക്കുമ്പോൾ പിതാവിന്റെ ഹിതത്തോടുള്ള അനുസരണത്തിലേക്ക് മനഃപൂർവം തന്നെത്തന്നെ കൊണ്ടുവന്നു, അതുപോലെ തന്നെ ഒരു സ്ത്രീക്ക് മനഃപൂർവം പുരുഷന്റെ നേതൃത്വത്തെ അംഗീകരിക്കാൻ കഴിയും. ഇത് അവളുടെ വ്യക്തിത്വത്തെ ഒരു തരത്തിലും കുറയ്ക്കുന്നില്ല, അല്ലെങ്കിൽ ഇത് അവളെ പുരുഷനേക്കാൾ താഴ്ന്നവളാക്കുന്നില്ല. പുരുഷനും സ്ത്രീയും കർത്താവിൽ പരസ്പരം ആശ്രയിച്ചിരിക്കുന്നു (1 കൊരിന്ത്യർ 11:11). പുരുഷന്റെയും സ്ത്രീയുടേയും ജീവിതവും, സ്വത്വവും, മറ്റെല്ലാം കർത്താവിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്!

## നിങ്ങളുടെ ആദ്യ സ്നേഹം സ്വീകരിക്കുക

സ്ത്രീകളേ, നിങ്ങളുടെ ആദ്യ പ്രണയം നിങ്ങളുടെ ഭർത്താവല്ല! നിങ്ങളുടെ പ്രാഥമിക ശ്രദ്ധ ദൈവവുമായി ഒരു ഉറ്റ ബന്ധം സ്ഥാപിക്കുക എന്നതാണ്.

**ലൂക്കോസ് 10:38-41**
**38 പിന്നെ അവർ യാത്രപോകയിൽ അവൻ ഒരു ഗ്രാമത്തിൽ എത്തി; മാർത്താ എന്നു പേരുള്ള ഒരു സ്ത്രീ അവനെ വീട്ടിൽ കൈക്കൊണ്ടു.**

**39 അവൾക്കു മറിയ എന്ന ഒരു സഹോദരി ഉണ്ടായിരുന്നു. അവൾ കർത്താവിന്റെ കാൽക്കൽ ഇരുന്നു അവന്റെ വചനം കേട്ടുകൊണ്ടിരുന്നു.**
**40 മാർത്തയോ വളരെ ശുശ്രൂഷയാൽ കുഴങ്ങീട്ടു അടുക്കെവന്നു: കർത്താവേ, എന്റെ സഹോദരി ശുശ്രൂഷെക്കു എന്നെ തനിച്ചു വിട്ടിരിക്കുന്നതിൽ നിനക്കു വിചാരമില്ലയോ? എന്നെ സഹായിപ്പാൻ അവളോടു കല്പിച്ചാലും എന്നു പറഞ്ഞു.**
**41 കർത്താവു അവളോടു: "മാർത്തയേ, മാർത്തയേ, നീ പലതിനെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയുമിരിക്കുന്നു.**

ഈ ഭാഗത്തിൽ, മാർത്ത ഒരു സാധാരണ വീട്ടമ്മയുടെ പ്രതീകമാണ്, എല്ലാ പാചകവും സേവനവും യേശുവിന് വേണ്ടിയാണു. എന്നാൽ യേശു അവളോട് വിശ്രമിക്കാനും അവന്റെ കാൽക്കൽ ഇരിക്കാനും മറിയം ചെയ്യുന്നതു പോലെ ചെയ്യാനും പറയുന്നു. സ്ത്രീകളേ, നിങ്ങൾ ഒരു "മാർത്ത" ആകുന്നതിന് മുമ്പ് "മറിയ" ആയിരിക്കുക എന്നതാണ് നിങ്ങളുടെ മുൻഗണന. തീർച്ചയായും, നിങ്ങൾക്ക് ഒരു "മറിയം" ആകാമെന്നും നിങ്ങൾ യേശുവിന്റെ കാൽക്കൽ ഇരിക്കുമ്പോൾ നിങ്ങളുടെ ഭർത്താവിനെ വീട്ടിൽ ജോലി ചെയ്യാൻ "മാർത്ത" ആക്കാമെന്നും ഇതിനർത്ഥമില്ല! അത് നിങ്ങളുടെ ഉത്തരവാദിത്തത്തിൽ ഉള്ള പരാജയമായിരിക്കും . നിങ്ങൾ രണ്ടും ആയിരിക്കണം.

## ഭാര്യ, അമ്മ, ഗൃഹനിർമ്മാതാവ് എന്നീ നിലകളിൽ നിങ്ങളുടെ പ്രാഥമിക വിളി/ ചുമതല സ്വീകരിക്കുകയും നിറവേറ്റുകയും ചെയ്യുക

ജോലിചെയ്യുന്ന പല സ്ത്രീകൾക്കും ഇത് ഒരു വലിയ വെല്ലുവിളിയാണ്. ഓഫീസിൽ, സ്ത്രീകൾക്ക് അവരുടെ ജോലിയുടെ പ്രതിഫലം ഓരോ മാസത്തിൻറെ അവസാനത്തിൽ ലഭിക്കുകയും ചില ബഹുമതികൾ, അംഗീകാരങ്ങൾ അല്ലെങ്കിൽ പ്രമോഷൻ എന്നിവ ലഭിക്കുകയും ചെയ്യുന്നു, ഇത് അവർക്ക് വിജയത്തിൽ എത്തിയെന്ന അവബോധം നൽകുന്നു. മറുവശത്ത്, വീട്ടിൽ, സ്ത്രീകൾക്ക് ഇവയൊന്നും ലഭിക്കുന്നില്ല. എന്നാൽ തങ്ങളുടെ പ്രാഥമിക വിളിയിൽ/ ചുമതലകളിൽ സ്ത്രീകൾ പരാജയപ്പെടുകയാണെങ്കിൽ, ജോലിസ്ഥലത്തെ തങ്ങളുടെ വിജയം വെറുതെയാകും.

**കുറിപ്പ്:** നിങ്ങൾ വിവാഹിതരല്ലെങ്കിൽ, ഇത് നിങ്ങൾക്ക് ഇതുവരെ ബാധകമല്ല. അല്ലെങ്കിൽ നിങ്ങൾ ദീർഘ വർഷങ്ങളായി വിവാഹിതരാണെങ്കിൽ, ഇത് നിങ്ങൾ ഇതിനകം വിജയകരമായി പൂർത്തിയാക്കിയിരിക്കാം.

## ക്രിസ്തുവിന്റെ ശരീരത്തിൽ/ സഭയിൽ ഉള്ള നിങ്ങളുടെ വിളി സ്വീകരിക്കുക

സ്ത്രീകളേ, ജോലിസ്ഥലത്ത് നിങ്ങളുടെ വിളി സ്വീകരിക്കുന്നതിനുമുമ്പ്, ഓരോ സ്ത്രീക്കും ക്രിസ്തുവിന്റെ ശരീരത്തിൽ സ്ഥാനമുണ്ടെന്ന് നിങ്ങൾ ഓർക്കണം. സ്ത്രീകൾ പലപ്പോഴും അത് അവഗണിക്കുകയോ മറക്കുകയോ ചെയ്യുന്നു. ക്രിസ്തുവിന്റെ ശരീരത്തിൽ ഇന്ന് കാണാതായ നിരവധി അമ്മമാരുണ്ട്. ഇളയ സ്ത്രീകൾക്ക് ദൈവിക മാതൃകകളായി കരുതപ്പെടുന്ന പല സ്ത്രീകളേയും പുറത്ത് ജോലി ചെയ്യുന്ന തിരക്കിലായതിനാൽ ദൈവത്തിന്റെ ഭവനത്തിൽ കാണുന്നില്ല. ഓരോ സ്ത്രീക്കും ക്രിസ്തുവിന്റെ ശരീരത്തിൽ ദൈവം നിയോഗിച്ച ഒരു ശുശ്രൂഷയുണ്ട്. ക്രിസ്തുവിന്റെ ശരീരത്തിൽ നിങ്ങളുടെ പ്രവർത്തനം കണ്ടെത്തി അത് നിറവേറ്റുക!

## ജോലിയിലേക്കുള്ള നിങ്ങളുടെ വിളിയെ സ്വീകരിക്കുക

ജോലിസ്ഥലത്തേക്ക് വിളിക്കപ്പെടുന്ന സ്ത്രീകൾ ജോലിയിലേക്കുള്ള അവരുടെ വിളി സ്വീകരിക്കുകയും, നിറവേറ്റുകയും ചെയ്യുന്നതിലൂടെ ദൈവരാജ്യത്തിന് ഒരു പ്രധാന സംഭാവന നൽകാൻ കഴിയും.

## പ്രായോഗിക നിർദ്ദേശങ്ങൾ

- നിങ്ങളുടെ ഹൃദയം എവിടെയാണെന്ന് മനസിലാക്കുക- നിങ്ങൾ വീട്ടിൽ ആയിരിക്കുന്നതിൽ സംതൃപ്തയാണെങ്കിൽ, അതിൽ തെറ്റൊന്നുമില്ല. ജോലിസ്ഥലത്ത് ഒരു വ്യക്തിമുദ്ര പതിപ്പിക്കാൻ നിങ്ങളുടെ ഹൃദയം ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ അത് പരിഗണിക്കേണ്ടതുണ്ട്.
- നിങ്ങളുടെ കഴിവുകളും വിളിയും അറിയുക - ജോലിചെയ്യുന്നതിനായി ദൈവം നിങ്ങളെ പരിശീലിപ്പിക്കുകയും കഴിവുകൾ നൽകുകയും ചെയ്തിട്ടുണ്ടോ? അവൻ നിങ്ങളെ ഏൽപ്പിച്ചതു പാഴാക്കരുത്.
- നിങ്ങളുടെ മുൻഗണനകൾ അറിയുക - ജോലിസ്ഥലത്ത് ഒരു വ്യക്തിമുദ്ര പതിപ്പിക്കാൻ നിങ്ങളുടെ ഹൃദയം

ആഗ്രഹിക്കുന്നുവെന്നും അത് ചെയ്യാൻ നിങ്ങൾക്ക് കഴിവുകൾ ഉണ്ടെന്നുള്ളതും സത്യമായിരിക്കാമെങ്കിലും, ഒരു കാലഘട്ടത്തിലേക്ക് നിങ്ങളുടെ മുൻഗണനകൾ നിങ്ങളുടെ കുട്ടികളിലേക്കായിരിക്കണം. പ്രത്യേകിച്ചും അവർ വളരെ ചെറുപ്പമായിരിക്കുമ്പോൾ ഇതാണ് ശരി. ജോലിസ്ഥലത്തേക്ക് കാലെടുത്തുവയ്ക്കുന്നതിനുപകരം ജീവിതത്തിലെ ആ കാലഘട്ടം നിങ്ങളുടെ കുട്ടികളിലേക്ക് നിക്ഷേപിക്കാൻ നിങ്ങൾക്ക് ത്യാഗപൂർവം തിരഞ്ഞെടുക്കാം.

- നിങ്ങളുടെ പരിധികൾ അറിയുക–തകർന്നുപോകാതെ വലിച്ചുനീട്ടാനാകുന്നതിന് ഓരോരുത്തർക്കും വ്യത്യസ്ത പരിധികളുണ്ട്. നിങ്ങളുടെ പരിധികൾ നിങ്ങൾ അറിയേണ്ടതുണ്ട്. ഭാര്യ, അമ്മ, വീട്ടമ്മ, ജോലിസ്ഥലത്ത് ഒരു സ്ത്രീ എന്നിവയായിരിക്കുന്നത് വലിയ വെല്ലുവിളിയാണ്. വലിച്ചുനീട്ടാനുള്ള ശേഷി നിങ്ങൾക്കുണ്ടെങ്കിൽ അതിനായി പോകുക! അല്ലെങ്കിൽ, നിങ്ങളുടെ പരിധിക്കുള്ളിൽ തുടരുക!
- നിങ്ങളെ ജോലിയിലേക്ക് വിളിച്ചാൽ കുറ്റബോധം തോന്നരുത്, കാരണം ദൈവം നിങ്ങൾക്ക് കഴിവുകളും കൃപയും നൽകുകയും ചെയ്തു. അതിനർത്ഥം നിങ്ങളുടെ ജോലിസ്ഥലത്ത് നിങ്ങളെ അവൻ ആഗ്രഹിക്കുന്നു എന്നാണ്. അതിനാൽ, ആ അവസരം ഉപയോഗിക്കുക. ഒരു വീട്ടമ്മയെന്ന നിലയിൽ വിളിക്കുകയാണെങ്കിൽ, നിങ്ങൾക്ക് "മാനേജർ" അല്ലെങ്കിൽ "സിഇഒ " എന്ന തലക്കെട്ട് ഇല്ലാത്തതിനാൽ ഭാര്യയെന്ന അമ്മയെന്ന പേര് മാത്രം ഉള്ളതിനാൽ താഴ്ന്നതായി തോന്നരുത്. നിങ്ങൾ ദൈവത്തെ സ്നേഹിക്കുകയും നിങ്ങളുടെ പ്രാഥമിക വിളിയെ സ്വീകരിക്കുകയും ചെയ്താൽ നിങ്ങളുടെ പ്രതിഫലം വളരെ വലുതായിരിക്കും. അവൻ നിങ്ങളോട് ആവശ്യപ്പെടുന്നത് അത്രമാത്രം. ഓർക്കുക, നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ വ്യക്തിഗത വിളിയും അവന്റെ ഹിതവും നിറവേറ്റേണ്ടതുണ്ട്.

## പ്രതിഫലനം/ പുനരാലോചന

കർത്താവിൽ നിന്ന് തന്റെ ജീവിതവും സ്വത്വവും നേടാൻ ഒരു സ്ത്രീക്ക് സ്വീകരിക്കാൻ കഴിയുന്ന ചില കാര്യങ്ങൾ എവ?

# 3. ജോലി സ്ഥലത്തെ വെല്ലുവിളികളെ സ്ത്രീകൾ എങ്ങനെ നേരിടും

## സമ്മർദ്ദം

ഈ കാര്യം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാധകമാണ്. വീട്ടിലും ജോലിസ്ഥലത്തും ഉത്തരവാദിത്തങ്ങൾ ഉള്ളതിനാൽ നമുക്കെല്ലാവർക്കും സമ്മർദ്ദം അനുഭവപ്പെടുന്നു. വീടും സഭയും കൈകാര്യം ചെയ്യേണ്ട ഉത്തരവാദിത്വം ഉള്ള എന്റെ ജീവിതം നോക്കുമ്പോൾ, സമ്മർദ്ദം ലഘൂകരിക്കാനും സമ്മർദ്ദത്തെ നേരിടാനും എന്നെ സഹായിച്ച രണ്ട് കാര്യങ്ങൾ ഇവയാണ്:

- കർത്താവിൽ ആശ്രയിക്കാൻ പഠിക്കുക.

**യെശയ്യാവ് 26:3**
**സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ടു നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു.**

"പ്രശ്നസാഹചര്യങ്ങൾ" ഉണ്ടെന്ന് നിഷേധിക്കാതെ നാം അവയിൽ വസിക്കുന്നതിനുപകരം അവയെക്കാൾ വലിയ കർത്താവിൽ നാം വസിക്കണം. അവൻ കൊടുങ്കാറ്റുകൾക്കും മുകളിൽ രാജാവാണ് നാം തിരകളിലും കൊടുങ്കാറ്റിലും അടിസ്ഥാനം വെക്കാതെ അവയ്ക്കും മുകളിലുള്ള രാജാധി രാജാവിലേക്കു ദൃഷ്ടി ഉയർത്തുമ്പോൾ അവൻ നമ്മെ ശെരിയായ സമാധാനത്തിൽ കാക്കും. ചില സമയങ്ങളിൽ എനിക്ക് സമാധാനം നഷ്ടപ്പെടുകയും ഞാൻ ടെൻഷനിലാകുകയും ചെയ്യും, പക്ഷേ ഞാൻ ആ അവസ്ഥയിൽ കൂടുതൽ നേരം നിൽക്കില്ല. ഞാൻ അവയിൽ നിന്നും പിന്തിരിഞ്ഞു കൊടുങ്കാറ്റുകൾക്ക് മുകളിലുള്ള കർത്താവിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യും.

**സ്ത്രീകളും തൊഴിലിടവും**

- ദൈവവചനത്തിൽ ധ്യാനിക്കാൻ പഠിക്കുക.

ദൈവവചനത്തിൽ ധ്യാനിക്കുന്നത് വലിയ സമ്മർദ്ദങ്ങൾ ഒഴിവാക്കുന്നതിന് സഹായകമാണ്. ഒരു പ്രത്യേക കാര്യം നിങ്ങൾക്ക് വലിയ സമ്മർദ്ദവും ഭാരവും ഉണ്ടാക്കുന്നുവെങ്കിൽ, ആ അവസ്ഥയെക്കുറിച്ച് ദൈവവചനത്തിൽ ധ്യാനിക്കുക, നിങ്ങൾ അങ്ങനെ ചെയ്യുമ്പോൾ, അത് ഭയത്തിന് പകരം വിശ്വാസത്തിൽ നിങ്ങളെ നിറയ്ക്കുന്നു. ഭയം സമ്മർദ്ദം ഉണ്ടാക്കുന്നു. വിശ്വാസം ആത്മവിശ്വാസം ഉളവാക്കുന്നു, നമ്മെ വിശ്രമിക്കാനും സമാധാനമായിരിക്കാനും സഹായിക്കുന്നു.

**മത്സരം**

- ആരോഗ്യകരമായ മത്സരം ഒരു നല്ല കാര്യമാണ്.

നിങ്ങൾ 100 മീറ്റർ ഓട്ടം ഓടുമ്പോൾ, നിങ്ങൾ വീണ്ടും ജനിച്ച, ആത്മാവ് നിറഞ്ഞ, അന്യ ഭാഷയിൽ സംസാരിക്കുന്ന, പിശാചിനെ ഓടിക്കുന്ന ക്രിസ്ത്യാനിയാണെങ്കിലും, ഓട്ടത്തിലെ മറ്റ് എതിരാളികളുമായി കൈകോർത്ത് പിടിച്ചുകൊണ്ടു ഓട്ടം ഓടുമെന്നു പ്രതീക്ഷിക്കാനാവില്ല! തുടക്കം മുതൽ ഫിനിഷ് ലൈൻ വരെ നിങ്ങളുടെ മികച്ചത് നൽകേണ്ടതുണ്ട്. ആരോഗ്യകരമായ മത്സരം മികച്ചത് പുറത്തെടുക്കുന്നു. അതുപോലെ തന്നെ, ജോലിസ്ഥലത്ത് മത്സരിക്കുന്നത് ശെരിയാണ്. എന്നാൽ അത് ശരിയായ രീതിയിൽ ചെയ്യുക, നിങ്ങളുടെ പ്രതിഫലത്തിനായി ദൈവത്തെ നോക്കുക.

**കൊലോസ്യർ 3:22-24**
**22 ദാസന്മാരേ, ജഡപ്രകാരമുള്ള യജമാനന്മാരെ സകലത്തിലും അനുസരിപ്പിൻ; മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെപ്പോലെ ദൃഷ്ടിസേവകളാലല്ല കർത്താവിനെ ഭയപ്പെട്ടുകൊണ്ടു ഹൃദയത്തിന്റെ ഏകാഗ്രതയോടെ അത്രേ അനുസരിക്കേണ്ടതു.**
**23 നിങ്ങൾ ചെയ്യുന്നതു ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന്നു എന്നപോലെ മനസ്സോടെ ചെയ്‌വിൻ.**
**24 അവകാശമെന്ന പ്രതിഫലം കർത്താവു തരും എന്നറിഞ്ഞു കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ.**

ജോലിസ്ഥലത്ത് സത്യസന്ധവും ധാർമ്മികവുമായ രീതിയിൽ മത്സരിക്കുന്നതിൽ തെറ്റൊന്നുമില്ല. സ്വഭാവ ശ്രേഷ്ഠത നിലനിൽക്കുന്നു!

# പുരുഷാധിപത്യവും ലിംഗ പക്ഷപാതവും

പല സംഘടനകൾക്കും പുരുഷന്മാരെ മാത്രം പ്രോത്സാഹിപ്പിക്കുന്ന അലിഖിത നിയമമുണ്ട്. പല സ്ത്രീകളും ഈ പക്ഷപാതം അനുഭവിച്ചേക്കാം. കൂടാതെ, ഒരേ സ്ഥാനത്തുള്ള പുരുഷന്മാർക്കും സ്ത്രീകൾക്കും പലപ്പോഴും ഒരേ ശമ്പളം നൽകില്ല. നിങ്ങൾ അത്തരമൊരു അവസ്ഥയിലാണെങ്കിൽ, യുദ്ധം ചെയ്യരുത്. കർത്താവിനെ നോക്കുക, സ്ഥാനക്കയറ്റം അവനിൽ നിന്നാണെന്നും നിങ്ങളുടെ കൈകളുടെ പ്രവർത്തിയെ അഭിവൃദ്ധിപ്പെടുത്താൻ ദൈവത്തിന് കഴിയുന്നുവെന്നും ഓർക്കുക. നിങ്ങൾക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി ആരെയെങ്കിലും നിങ്ങളുടെ വഴിയിൽ നിന്ന് മാറ്റാൻ അവന് കഴിയും.

**സങ്കീർത്തനങ്ങൾ 75:6-7**
**6 കിഴക്കുനിന്നല്ല, പടിഞ്ഞാറുനിന്നല്ല, തെക്കുനിന്നുമല്ല ഉയർച്ചവരുന്നതു.**
**7 ദൈവം ന്യായാധിപതിയാകുന്നു; അവൻ ഒരുത്തനെ താഴ്ത്തുകയും മറ്റൊരുത്തനെ ഉയർത്തുകയും ചെയ്യുന്നു.**

# ലൈംഗിക ചൂഷണങ്ങൾ

ജോലിക്കയറ്റം ലഭിക്കുന്നതിനായി നിങ്ങളുടെ ബോസ് ലൈംഗീക വിട്ടുവീഴ്ചകൾക്കു പ്രേരിപ്പിക്കുന്ന സാഹചര്യം നിങ്ങൾക്കുണ്ടായിട്ടുണ്ടോ? അങ്ങനെയുള്ള സമ്മർദ്ദം ചെലുത്തുമ്പോൾ, നിവർന്നു നിന്ന് "ഇല്ല!" എന്ന് പറയുക. വഴങ്ങുകയോ വിട്ടുവീഴ്ച ചെയ്യുകയോ അരുത്. ശുദ്ധയായും നിർമലയായും ഇരിക്കുക. വിവാഹിതരായവർ, എന്തുതന്നെ ആയാലും നിങ്ങളുടെ ഭർത്താവിനോട് വിശ്വസ്തത പുലർത്തുക.

- നിങ്ങളുടെ ജോലിസ്ഥലത്ത് ദൈവം നിങ്ങളുടെ സംരക്ഷകനാണ്.

**സങ്കീർത്തനങ്ങൾ 3:3**
**നീയോ യഹോവേ, എനിക്കു ചുറ്റും പരിചയും എന്റെ മഹത്വവും എന്റെ തല ഉയർത്തുന്നവനും ആകുന്നു.**
**സങ്കീർത്തനങ്ങൾ 27:1**
**യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു; ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം; ഞാൻ ആരെ പേടിക്കും?**

## സ്ത്രീകളും തൊഴിലിടവും

- എളിമയോടെ വസ്ത്രം ധരിക്കുക, മറ്റുള്ളവർ നിർദ്ദേശിക്കുന്ന എല്ലാ വസ്ത്രവും ധരിക്കേണ്ടതില്ല, മാന്യമായി പെരുമാറുക.

**തീത്തോസ് 2:4-5**
**4 ദൈവവചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിന്നു യൌവനക്കാരത്തികളെ ഭർത്തൃപ്രിയമാരും പുത്രപ്രിയമാരും**
**5 സുബോധവും പാതിവ്രത്യവുമുള്ളവരും വീട്ടുകാര്യം നോക്കുന്നവരും ദയയുള്ളവരും ഭർത്താക്കന്മാർക്കു കീഴ്പെടുന്നവരും ആയിരിപ്പാൻ ശീലിപ്പിക്കേണ്ടതിന്നു നന്മ ഉപദേശിക്കുന്നവരായിരിക്കേണം എന്നും പ്രബോധിപ്പിക്ക.**

## തൊഴിൽ തിരഞ്ഞെടുപ്പ്

ഇവന്റ് മാനേജുമെന്റ്, വിനോദം, ഫാഷൻ ഡിസൈനിംഗ്, തുടങ്ങിയ തൊഴിലുകളിൽ ചില സ്ത്രീകൾ ഏർപ്പെടുന്നു. ചുറ്റും പാപം ഉള്ളതിനാൽ നിങ്ങൾ അത്തരം തൊഴിലുകളിൽ നിന്ന് ഒളിച്ചോടേണ്ടതില്ല. നിങ്ങൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും മിക്കവാറും എല്ലാ വ്യവസായങ്ങളിലും കോർപ്പറേഷനുകളിലും തിന്മ നിലനിൽക്കുന്നു! യേശു നമ്മോട് ലോകത്തിൽ തന്നെ ജീവിക്കാൻ ആവശ്യപ്പെട്ടു, അതിൽ നിന്ന് ഒളിച്ചോടരുത്. ഈ തത്വം നിങ്ങളുടെ തൊഴിലിൽ പ്രയോഗിക്കുക.

**യോഹന്നാൻ 17:14-18**
**14 ഞാൻ അവർക്കു നിന്റെ വചനം കൊടുത്തിരിക്കുന്നു; ഞാൻ ലൌകികനല്ലാത്തതുപോലെ അവരും ലൌകികന്മാരല്ലായ്കകൊണ്ടു ലോകം അവരെ പകെച്ചു.**
**15 അവരെ ലോകത്തിൽ നിന്നു എടുക്കേണം എന്നല്ല, ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം അവരെ കാത്തുകൊള്ളേണം എന്നത്രേ ഞാൻ അപേക്ഷിക്കുന്നതു.**
**16 ഞാൻ ലൌകികനല്ലാത്തതുപോലെ അവരും ലൌകികന്മാരല്ല.**
**17 സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ, നിന്റെ വചനം സത്യം ആകുന്നു.**
**18 നീ എന്നെ ലോകത്തിലേക്കു അയച്ചതുപോലെ ഞാൻ അവരെയും ലോകത്തിലേക്കു അയച്ചിരിക്കുന്നു.**

നിങ്ങളുടെ വിശ്വാസം, പെരുമാറ്റം, സ്വഭാവം, പുണ്യം, സമഗ്രത എന്നിവയിൽ വിട്ടുവീഴ്ച ചെയ്യാൻ നിങ്ങളുടെ തൊഴിൽ നിങ്ങളെ പ്രേരിപ്പിക്കുന്നുവെങ്കിൽ, നിങ്ങൾ ആ സ്ഥാനത്ത് നിന്ന് സ്വയം മാറി ആ വ്യവസായത്തിനുള്ളിലെ മറ്റൊരു സ്ഥാനത്തേക്ക് മാറുകയും ചെയ്യേണ്ടി വരും. യേശുവിനും നിങ്ങളുടെ ബോധ്യങ്ങൾക്കും വേണ്ടി

നിലകൊള്ളുക. വ്യത്യാസം വരുത്തുക. നിങ്ങളുടെ ഓർഗനൈസേഷന്റെ മാറ്റത്തിന്റെ ഏജന്റാകുക.

ആളുകൾ ഉള്ളയിടത്ത് ദൈവത്തിന് നിങ്ങളെ ആവശ്യമുണ്ട്, കാരണം അവരോട് സംസാരിക്കാൻ നിങ്ങളുടെ ശബ്ദവും അവരെ സ്പർശിക്കാൻ നിങ്ങളുടെ കൈകളും അവരോട് സ്നേഹം പ്രകടിപ്പിക്കുന്നതിന് നിങ്ങളുടെ ജീവിതവും ദൈവത്തിനു ആവശ്യമാണ്. അതിനാൽ, പരിതസ്ഥിതി ധാർമ്മികമായി വെല്ലുവിളിയുള്ളതാണെങ്കിലും ഉറച്ചു നിൽക്കുകയും ഒരു മാറ്റത്തിന്റെ ചാലകശക്തിയാവുകയും ചെയ്യുക. എന്നിരുന്നാലും, അത്തരമൊരു സാഹചര്യം നിങ്ങളെ സ്വാധീനിക്കാതെ നിങ്ങൾ അവയെ സ്വാധീനിക്കാൻ ആത്മീയമായി ശക്തരാണെന്ന് ഉറപ്പാക്കുക.

## പ്രതിഫലനം/ പുനരാലോചന

ഒരു സ്ത്രീയെന്ന നിലയിൽ നിങ്ങളുടെ ജോലിസ്ഥലത്ത് നിങ്ങൾ അഭിമുഖീകരിച്ചേക്കാവുന്ന പൊതുവായ വെല്ലുവിളികളെ എങ്ങനെ മറികടക്കാമെന്ന് ഓർക്കുക.

# 4. ഇരട്ട വരുമാനമുള്ള കുടുംബങ്ങളുടെ അപകടങ്ങൾ, അവയെ എങ്ങനെ ഒഴിവാക്കാം

ഭാര്യാഭർത്താക്കന്മാർ ജോലിചെയ്യുമ്പോൾ ചില അപകടങ്ങളോ ചതിക്കുഴികളോ ഉണ്ട്:

## അപകടങ്ങൾ

### പരസ്പര ആശ്രയത്വത്തിനുപകരം സ്വാതന്ത്ര്യവും സ്വാശ്രയത്വവും

പങ്കാളികൾക്ക് അവരുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകൾ, കാറുകൾ, ക്രെഡിറ്റ് കാർഡുകൾ തുടങ്ങിയവ ഉള്ളപ്പോൾ, അവർ ഒരുമിച്ച് നിൽക്കുന്നതിനുപകരം കൂടുതൽ സ്വതന്ത്രരാകും.

### ഇണകൾ തമ്മിലുള്ള മത്സരം

ഒരേ വ്യവസായത്തിൽ ജോലി ചെയ്യുന്ന യോഗ്യതയുള്ള ഇണകൾക്ക് ശമ്പളവും പദവികളും കണക്കിലെടുത്ത് മത്സരിക്കാൻ തുടങ്ങാം.

### ജോലിയെ വിവാഹം കഴിക്കുന്നു

ചില ജീവിതപങ്കാളികൾ ദൈവ സന്നിധിയിൽ "ഞാൻ ചെയ്യാം" എന്ന് പറയുകയും അടുത്ത ദിവസം ജോലിസ്ഥലത്ത് പോയി "ഞാൻ ഇതും ചെയ്യാം" എന്ന് പറയുന്നു. അവർ അവരുടെ മുഴുവൻ സമയവും ജോലിസ്ഥലത്ത് ചെലവഴിക്കുകയും അവരുടെ ജോലിയുമായി വിവാഹം കഴിക്കുകയും ചെയ്യുന്നു!

### കൂടുതൽ പണം എന്നാൽ കുറച്ച് സമയം

പ്രധാനപ്പെട്ട കാര്യങ്ങൾ ഒരുമിച്ച് ചെയ്യാൻ നിങ്ങൾക്ക് കൂടുതൽ പണമോ കൂടുതൽ സമയമോ ആവശ്യമുണ്ടോ? ഈ സമയത്ത്, പങ്കാളികൾ ഒരു തിരഞ്ഞെടുപ്പ് നടത്തണം. പണത്തിന് ഒരിക്കലും വാങ്ങാൻ കഴിയാത്ത ചില കാര്യങ്ങളുണ്ട്. ഒരു നല്ല ജീവിതപങ്കാളിയെയോ നല്ല കുട്ടികളെയോ വാങ്ങാൻ പണത്തിന് കഴിയില്ല. ഒരുമിച്ച് സമയം ചെലവഴിച്ചുകൊണ്ട് ഒരു നല്ല ദാമ്പത്യം കെട്ടിപ്പടുക്കുക. നല്ല കുട്ടികളെ പഠിപ്പിക്കുകയും വളർത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുക.

### അമിത ജോലി ചെയ്യുന്ന സ്ത്രീകൾ

ഇരട്ട വരുമാനമുള്ള ഒരു കുടുംബത്തിൽ, സ്ത്രീ വീടിനകത്തും പുറത്തും ജോലി ചെയ്യേണ്ടി വരികയും അത് അമിത ജോലിയിലേക്കും വലിയ മാനസിക തകർച്ചയിലേക്കും നയിക്കുകയും ചെയ്യുന്നു. ഭാര്യയും ഭർത്താവും ജോലിചെയ്യുമ്പോൾ, ഭാര്യ അമിത ജോലി ചെയ്യാതിരിക്കാൻ ഭർത്താവും ഗാർഹിക ഉത്തരവാദിത്തങ്ങളിൽ ഗണ്യമായ ഭാരം വഹിക്കണം എന്നത് പ്രധാനമാണ്.

## ഇരട്ട വരുമാനമുള്ള കുടുംബങ്ങൾക്കായുള്ള പ്രവർത്തന പദ്ധതികൾ

### യഥാർത്ഥ മൂല്യം മനസ്സിലാക്കുക

നിങ്ങൾ ലോകം മുഴുവൻ നേടുകയും നിങ്ങളുടെ വീട്, കുടുംബം, കുട്ടികൾ എന്നിവ നഷ്ടപ്പെടുകയും ചെയ്താൽ , നിങ്ങൾക്ക് യഥാർത്ഥ മൂല്യം നഷ്ടപ്പെടും. നമ്മുടെ കാലത്തെ ഏറ്റവും പ്രശംസിക്കപ്പെട്ട വ്യവസായികളിൽ ചിലർ വിവാഹമോചിതരും രണ്ടാമത്തെയും മൂന്നാമത്തെയും വിവാഹബന്ധങ്ങളിൽ ഏർപ്പെട്ട ആളുകളാണ്. അവർ വ്യവസായങ്ങളെ മാറ്റിമറിക്കുകയും വലിയ കോർപ്പറേഷനുകൾ നിർമ്മിക്കുകയും ലോകപ്രശസ്തരാകുകയും ചെയ്തിരിക്കാം, പക്ഷേ അവർക്ക് തകർന്ന കുടുംബങ്ങളുണ്ട്. ഒരു ഭാര്യ മാത്രമുള്ള വിവാഹം എന്ന ഒരു “ഓർഗനൈസേഷൻ” അവർക്ക് നിയന്ത്രിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് നാം ആശ്ചര്യപ്പെടുന്നു. അവർക്ക് സ്വന്തമായി ഭവനം കൈകാര്യം ചെയ്യാൻ കഴിഞ്ഞില്ല എന്നത് സങ്കടകരമാണ്.

ലോകത്താലുള്ള പ്രശംസക്ക് പകരം അതിമനോഹരമായ ഒരു ദാമ്പത്യവും ദൈവഭക്തരായ മക്കളും നാം തിരഞ്ഞെടുക്കേണ്ടതുണ്ട്.

## സമയം തുലനം ചെയ്യാൻ ബോധപൂർവമായ ശ്രമം നടത്തുക

വെല്ലുവിളികളും സമ്മർദ്ദങ്ങളും വളരെ വലുതാണെങ്കിലും, നമ്മുടെ സമയവും ഊർജ്ജവും ഉചിതമായി വിതരണം ചെയ്യുന്നതിന് ബോധപൂർവവും സുസ്ഥിരവുമായ ശ്രമം നടത്തേണ്ടതുണ്ട്. ദൈവവുമായുള്ള സമയം, വീട്ടിലെ സമയം, ദൈവത്തിന്റെ ഭവനത്തിലെ സമയം, ജോലിസ്ഥലത്തെ സമയം. ആമി ഇത് എന്നെ നിരന്തരം ഓർമ്മപ്പെടുത്തുന്നു, ഇത് എല്ലായ്പ്പോഴും പരിശോധിക്കാൻ ഞാൻ ശ്രമിക്കുന്നു.

## രണ്ടിന്റെ ശക്തി വികസിപ്പിക്കുക

**സഭാപ്രസംഗി 4:9-12**
**9 ഒരുവനെക്കാൾ ഇരുവർ ഏറെ നല്ലതു; അവർക്കു തങ്ങളുടെ പ്രയത്നത്താൽ നല്ല പ്രതിഫലം കിട്ടുന്നു.**
**10 വീണാൽ ഒരുവൻ മറ്റേവനെ എഴുന്നേല്പിക്കും; ഏകാകി വീണാലോ അവനെ എഴുന്നേല്പിപ്പാൻ ആരുമില്ലായ്കകൊണ്ടു അവന്നു അയ്യോ കഷ്ടം!**
**11 രണ്ടുപേർ ഒന്നിച്ചു കിടന്നാൽ അവർക്കു കുളിർ മാറും; ഒരുത്തൻ തന്നേ ആയാലോ എങ്ങനെ കുളിർ മാറും?**
**12 ഒരുത്തനെ ആരെങ്കിലും ആക്രമിച്ചാൽ രണ്ടുപേർക്കും അവനോടു എതിർത്തുനിൽക്കാം; മുപ്പിരിച്ചരടു വേഗത്തിൽ അറ്റുപോകയില്ല.**

രണ്ട് പേരുടെ ശക്തി ഉള്ളപ്പോൾ, ഇരട്ടബലം ഉണ്ട്, നമുക്ക് ഇരട്ടി നേട്ടം കൈവരിക്കാൻ കഴിയും. എല്ലാ മേഖലകളിലും പങ്കാളികൾക്ക് ഒത്തുപോകാനാകുമെങ്കിൽ, അവർക്ക് ഒന്നിച്ച് കൂടുതൽ കാര്യങ്ങൾ ചെയ്യാനും കൂടുതൽ കഠിനമായതുമായ കാര്യങ്ങൾ ചെയ്യാനും കൂടുതൽ മുന്നോട്ടുകൊണ്ടുപോകാനും കഴിയും. ഭർത്താക്കന്മാരും വീട്ടിൽ തങ്ങളുടെ റോളുകൾ നിറവേറ്റാൻ പഠിക്കണം, പ്രത്യേകിച്ചും ഭാര്യമാർ പുറത്തു ജോലിചെയ്യുമ്പോൾ.

ഞങ്ങളുടെ ജീവിതത്തിൽ, ആമി ഒരു മെഡിക്കൽ ഡോക്ടറായി പരിശീലനം നേടി മാസ്റ്റർ ബിരുദം നേടിയിട്ടുണ്ടെങ്കിലും, ഞങ്ങളുടെ കുട്ടികൾ പ്രായപൂർത്തിയാകുന്നതുവരെ അവളുടെ പ്രൊഫഷണൽ ജീവിതം നിർത്തിവയ്ക്കാൻ അവൾ മനഃപൂർവം തീരുമാനിച്ചു. ഇത് എളുപ്പമല്ല, വാസ്തവത്തിൽ ചിലപ്പോൾ വളരെ വേദനാജനകവുമാണ്. എന്നിരുന്നാലും, രണ്ട് കുട്ടികളും മുഴുവൻ ദിവസത്തെ സ്കൂളിൽ

ആയിരുന്നപ്പോൾ, ആമിക്ക് ക്രമേണ ജോലിസ്ഥലത്തേക്ക് തിരിച്ചുവരാൻ കഴിഞ്ഞു, അവൾക്ക് ഏറ്റവും ആവശ്യമുള്ളപ്പോൾ അവൾ തന്റെ പങ്ക് നിർവഹിക്കുകയും കുട്ടികൾക്കായി ത്യാഗം ചെയ്യുകയും ചെയ്തു.

## പ്രതിഫലനം/ പുനരാലോചന

ഇരട്ട വരുമാനമുള്ള കുടുംബങ്ങൾ നേരിടുന്ന സാധാരണ അപകടങ്ങൾ ഒഴിവാക്കാൻ സഹായിക്കുന്ന നടപടികൾ എന്തൊക്കെയാണ്?

## ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളി

(എ) നേതാക്കളെ ശക്തിപ്പെടുത്തുക, (ബി) ശുശ്രൂഷയ്ക്കായി യുവാക്കളെ സജ്ജരാക്കുക, (സി) ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ കെട്ടിപ്പടുക്കുക എന്നീ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധകേന്ദ്രീകരിച്ച് ഇന്ത്യയിലുടനീളം പ്രത്യേകിച്ചും വടക്കേ ഇന്ത്യയിലെമ്പാടും എത്തിച്ചേരുന്നതിലൂടെ ഒരു പ്രാദേശിക സഭ എന്നതിന്റെ അതിരുകളും കടന്ന് ഓൾ പീപ്പിൾസ് ചർച്ച് ശുശ്രൂഷകർ വർത്തിക്കുന്നു. യുവജനങ്ങൾക്കായുള്ള സെമിനാറുകൾ, ക്രിസ്തീയ നേതൃത്വ സെമിനാറുകൾ തുടങ്ങിയ ഒട്ടനേകം സെമിനാറുകൾ വർഷം മുഴുവനും നടത്തുന്നു. അതുകൂടാതെ, വിശ്വാസികൾ വചനത്തിലും ആത്മാവിലും ശക്തരായിത്തീരണം എന്ന ലക്ഷ്യത്തോടെ ഇംഗ്ലീഷിലും ഇന്ത്യയിലെ വ്യത്യസ്തങ്ങളായ ഭാഷകളിലും ആയിരക്കണക്കിന് പ്രസിദ്ധീകരണങ്ങൾ സൗജന്യമായി അച്ചടിച്ചു വിതരണം ചെയ്തു.

ഞങ്ങളുമായി പങ്കാളികളാകേണ്ടതിന് സാമ്പത്തികമായി ഒറ്റത്തവണയായോ പ്രതിമാസമായോ സംഭാവനകൾ അയയ്ക്കേണ്ടതിനായി ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ രാജ്യത്തുടനീളമുള്ള ഈ വേലയിൽ ഞങ്ങളെ സഹായിക്കുവാനായി നിങ്ങൾക്ക് അയയ്ക്കുവാൻ കഴിയുന്ന ഏതൊരു തുകയും വളരെ വിലമതിച്ചതായി ഞങ്ങൾ കണക്കാക്കും.

നിങ്ങൾക്ക് ചെക്ക്/ബാങ്ക് ഡ്രാഫ്റ്റ് എന്നിവ വഴിയായി സംഭാവനകൾ “All Peoples Church” എന്ന പേരിൽ മാറാവുന്ന നിലയിൽ ഞങ്ങളുടെ വിലാസത്തിലേക്ക് അയയ്ക്കാവുന്നതാണ്. അതുകൂടാതെ നിങ്ങളുടെ സംഭാവനകൾ ഞങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടും അയയ്ക്കാവുന്നതാണ്.

Account Name: All Peoples Church
Account Number: 0057213809
IFSC Code: CITI0000004
Bank: Citibank N.A., No. 5, M.G. Road, Bengaluru, Karnataka 560001

ദയവായി ശ്രദ്ധിക്കുക: ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യയിൽ അധിഷ്ഠിതമായ ബാങ്കുകളിൽ നിന്നു മാത്രമേ ബാങ്ക് വഴിയുള്ള സംഭാവനകൾ സ്വീകരിക്കുവാൻ കഴിയൂ. നിങ്ങളുടെ സംഭാവന നിങ്ങൾ അയയ്ക്കുമ്പോൾ, ആവശ്യമെങ്കിൽ, നിങ്ങളുടെ സംഭാവന ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്ന നിർദ്ദിഷ്ട എപിസി മിനിസ്ട്രി ഏരിയ നിങ്ങൾക്ക് സൂചിപ്പിക്കുവാൻ കഴിയുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ***apcwo.org/give*** സന്ദർശിക്കുക.

കൂടാതെ നിങ്ങൾക്ക് സാധിക്കുമ്പോഴെല്ലാം ഞങ്ങൾക്കും ഞങ്ങളുടെ ശുശ്രൂഷകൾക്കുമായി പ്രാർത്ഥിക്കുവാൻ ഓർമ്മിക്കുമല്ലോ. **നന്ദി, ദൈവം അനുഗ്രഹിക്കട്ടെ!**

# സൌജന്യ പ്രസിദ്ധീകരണങ്ങൾ

A Church in Revival*
A Real Place Called Heaven
A Time for Every Purpose
Ancient Landmarks*
Baptism in the Holy Spirit
Being Spiritually Minded and Earthly Wise
Biblical Attitude Towards Work
Breaking Personal and Generational Bondages
Change*
Code of Honor
Divine Favor*
Divine Order in the Citywide Church
Don't Compromise Your Calling*
Don't Lose Hope
Equipping the Saints
Foundations (Track 1)
Fulfilling God's Purpose for Your Life
Gifts of the Holy Spirit
Giving Birth to the Purposes of God*
God Is a Good God
God's Word—The Miracle Seed
How to Help Your Pastor
Integrity
Kingdom Builders
Laying the Axe to the Root
Living Life Without Strife*
Marriage and Family
Ministering Healing and Deliverance
Offenses-Don't Take Them
Open Heavens*
Our Redemption
Receiving God's Guidance
Revivals, Visitations and Moves of God
Shhh! No Gossip!
Speak Your Faith *
The Conquest of the Mind
The Father's Love
The House of God
The Kingdom of God
The Mighty Name of Jesus *
The Night Seasons of Life
The Power of Commitment*
The Presence of God
The Redemptive Heart of God
The Refiner's Fire
The Spirit of Wisdom, Revelation and Power*
The Wonderful Benefits of speaking in Tongues
Timeless Principles for the Workplace
Understanding the Prophetic
Water Baptism
We Are Different*
Who We Are in Christ
Women in the Workplace
Work Its Original Design

മുകളിലുള്ള എല്ലാം പ്രസിദ്ധീകരണങ്ങളുടെയും PDF പതിപ്പുകൾ ഞങ്ങളുടെ ചർച്ചിന്റെ വെബ്സൈറ്റിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ് (apcwo.org/books). ഇവയിൽ മിക്ക പ്രസിദ്ധീകരണങ്ങളും മറ്റ് ഭാഷകളിലും ലഭ്യമാണ്. പ്രസിദ്ധീകരണങ്ങളുടെ സൗജന്യ പതിപ്പുകൾ ലഭിക്കുന്നതിനായി bookrequest@apcwo.org ലേക്ക് ഒരു ഇമെയിൽ അയയ്ക്കുക.

*pdf ൽ മാത്രം ലഭ്യമാണ്

സൗജന്യ ദൃശ്യ, ശ്രാവ്യ സന്ദേശങ്ങൾ, പ്രസംഗ കുറിപ്പുകൾ, നിങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന മറ്റ് നിരവധി വിഷയങ്ങൾ എന്നിവയ്ക്കായി ഞങ്ങളുടെ ചർച്ചിന്റെ വെബ്സൈറ്റ് സന്ദർശിക്കുക (apcwo.org/sermon.)

# ഓൾ പീപ്പിൾസ് ചർച്ചിനെക്കുറിച്ച്

ഓൾ പീപ്പിൾസ് ചർച്ചിന്റെ (APC) ദർശനം എന്നത്, ഞങ്ങൾ ബാംഗ്ലൂർ പട്ടണത്തിന്റെ ഉപ്പും വെളിച്ചവും ആയിരിക്കുന്നതോടൊപ്പം ഇന്ത്യയുടെയും ലോകരാജ്യങ്ങളുടെയും ശബ്ദവുമാകുക എന്നുള്ളതാണ്.

ദൈവത്തിന്റെ പരിശുദ്ധാത്മാഭിഷേകത്തിലും പ്രത്യക്ഷപ്രകടനത്തിലും പൂർണ്ണതയുള്ളതും വിട്ടുവീഴ്ചകൾ ചെയ്യാതെയും ദൈവവചനം അറിയിക്കുവാൻ എപിസി പ്രതിജ്ഞാബദ്ധരാണ്. നല്ല സംഗീതം, സൃഷ്ടിപരമായ അവതരണങ്ങൾ, ബുദ്ധിമാന്മാരായ ന്യായവാദികൾ, സമകാലിക ശുശ്രൂഷാ വിദ്യകൾ, ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ തുടങ്ങിയവ, സുവിശേഷ ഘോഷണത്തിന് ദൈവനിയമിതമായ പരിശുദ്ധാത്മ അടയാളങ്ങളുടെയും, അത്ഭുതങ്ങളുടെയും, പരിശുദ്ധാത്മ വരങ്ങളുടെയും മറ്റും പരിശുദ്ധാത്മ ഇടപെടലുകൾക്ക് പകരം വയ്ക്കാവുന്നതല്ല എന്ന് ഞങ്ങൾ വിശ്വസിക്കുന്നു (1 കൊരിന്ത്യർ 2:4-5; എബ്രായർ 2:3-4). ഞങ്ങളുടെ പ്രതിപാദ്യവിഷയം യേശു, ഞങ്ങളുടെ ഉള്ളടക്കം വചനം, ഞങ്ങളുടെ രീതി ദൈവാത്മാവിന്റെ ശക്തി, ഞങ്ങളുടെ തല്പരത മനുഷ്യർ, ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുവാനുസൃതമായ പക്വത.

ബാംഗ്ലൂരിലെ ഞങ്ങളുടെ കേന്ദ്രസ്ഥാപനമായ ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യയിൽ മറ്റ് നിരവധി സഭകളുണ്ട്. ഓൾ പീപ്പിൾസ് ചർച്ചിന്റെ സഭകൾ സ്ഥിതി ചെയ്യുന്ന സ്ഥലവിവരങ്ങൾ ലഭിക്കുന്നതിന് ഞങ്ങളുടെ വെബ്സൈറ്റായ **www.apcwo.org/locations** സന്ദർശിക്കുക. അല്ലെങ്കിൽ **www.apcwo.org/locations** ലേക്ക് ഇമെയിൽ അയയ്ക്കുക.

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്കറിയാമോ?

ഏകദേശം 2000 വർഷങ്ങൾക്കു മുമ്പ് ദൈവം ഒരു മനുഷ്യനായി ഈ ലോകത്തിലേക്ക് വന്നു. അവന്റെ പേരാണ് യേശു. തികച്ചും പാപരഹിതമായ ഒരു ജീവിതം താൻ നയിച്ചു. ദൈവം ജഡത്തിൽ യേശുവായി വന്നതുകൊണ്ട് അവൻ പറഞ്ഞും പ്രവർത്തിച്ചും ദൈവമായി നമുക്ക് വെളിപ്പെട്ടു. അവൻ പറഞ്ഞവയെല്ലാം ദൈവത്തിന്റെ യഥാർത്ഥ വാക്കുകളായിരുന്നു. അവൻ ചെയ്ത പ്രവൃത്തികളെല്ലാം ദൈവത്തിന്റെ പ്രവൃത്തികളായിരുന്നു. യേശു ലോകത്തിൽ അനവധി അത്ഭുതങ്ങൾ ചെയ്തു. രോഗികളെയും കഷ്ടതയനുഭവിക്കുന്നവരെയും അവൻ സൗഖ്യമാക്കി. അവൻ കുരുടന് കാഴ്ച നൽകി, ബധിരന് കേൾവി നൽകി, മുടന്തനെ നടക്കുമാറാക്കി. കൂടാതെ എല്ലാ രോഗങ്ങളെയും ബാധകളെയും അവൻ സൗഖ്യമാക്കി. അവൻ അപ്പത്തെ അത്ഭുതകരമായി വർദ്ധിപ്പിച്ച് ബഹുജനത്തിന് വിശപ്പകറ്റുകയും, കൊടുങ്കാറ്റിന്റെ ശൗര്യത്തെ ശമിപ്പിക്കുകയും മറ്റനവധി അടയാളങ്ങളും അത്ഭുതങ്ങളും പ്രവൃത്തിക്കുകയും ചെയ്തു.

**ദൈവത്തിന്റെ ഇവ്വിധമുള്ള എല്ലാ പ്രവൃത്തികളും, മനുഷ്യരെല്ലാവരും ആരോഗ്യത്തോടും സന്തോഷത്തോടും സുഖമായും ഇരിക്കേണമെന്നാണ് അവൻ ആഗ്രഹിക്കുന്നതെന്ന കാര്യം വെളിപ്പെടുത്തുകയാണ്.**

അപ്പോൾ എന്തകൊണ്ടാണ് ദൈവം ഒരു മനുഷ്യനായി ഈ ലോകത്തിലേക്ക് ഇറങ്ങിവരേണമെന്ന് തീരുമാനിച്ചത്? എന്തിനാണ് യേശു വന്നത്?

നമ്മെ സൃഷ്ടിച്ചവനായ ദൈവത്തിന്റെ മുമ്പാകെ ദൈവത്തിന് സ്വീകാര്യമല്ലാത്ത പാപപ്രവൃത്തി നാമെല്ലാവരും ചെയ്തു. പാപത്തിന് അതിന്റെ പരിണിതഫലമുണ്ട്. പാപം എന്നത് ദൈവത്തിന്റെയും നമ്മുടെയും ഇടയ്ക്കുള്ള ഒരു വലിയ മതിൽ പോലെയാണ്. പാപം നമ്മെ ദൈവത്തിൽ നിന്ന് വേർതിരിക്കുന്നു. നമ്മെ സൃഷ്ടിച്ചവനെ അറിയുന്നതിനും അവനുമായി അർത്ഥവത്തായ ബന്ധം സ്ഥാപിക്കുന്നതും ഇത് തടയുന്നു. അതുകൊണ്ട്, ഈ ശൂന്യത പരിഹരിക്കുന്നതിന് മറ്റു പല കാര്യങ്ങളും ചെയ്യുവാൻ നമ്മിൽ പലരും ശ്രമിക്കുന്നു.

പാപത്തിന്റെ മറ്റൊരു പരിണിതഫലമാണ് ദൈത്തിൽ നിന്നുള്ള നിത്യമായ വേർപാട്. ദൈവത്തിന്റെ കോടതിയിൽ പാപത്തിന്റെ ശിക്ഷ എന്നത് മരണമാണ്. ശാശ്വതമായി ദൈവത്തിൽ നിന്ന് നരകത്തിൽ വേർപെടുന്നതാണ് മരണം.

എന്നാൽ, സന്തോഷവാർത്ത എന്നത്, നമുക്ക് പാപത്തിൽ നിന്ന് രക്ഷപ്പെടുവാനും ദൈവീക ബന്ധത്തോട് പൂർവ്വസ്ഥിതിയിലേക്ക് ആകുവാനും സാധിക്കും എന്നതാണ്. ബൈബിൾ പറയുന്നത്, **"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ" (റോമർ 6:23).** യേശു ക്രൂശിൽ മരണം വരിച്ചപ്പോൾത്തന്നെ മുഴുലോകത്തിന്റെയും പാപത്തിന് മറുവില നൽകിക്കഴിഞ്ഞു. മൂന്ന് ദിനങ്ങൾക്ക് ശേഷം അവൻ ഉയർത്തെഴുന്നേൽക്കുകയും അനേകർക്ക് തന്നെത്തന്നെ വെളിപ്പെടുത്തിയശേഷം സ്വർഗ്ഗത്തിലേക്ക് പോകുകയും ചെയ്തു.

ദൈവം സ്നേഹത്തിന്റെയും കരുണയുടെയും ദൈവമാണ്. ഒരു മനുഷ്യനും നരകത്തിൽ നഷ്ടപ്പെടണമെന്ന് അവൻ ആഗ്രഹിക്കുന്നില്ല. ആയതിനാൽ അവൻ വന്ന് മാനുഷകുലത്തിന് മുഴുവൻ പാപപരിഹാരത്തിനുള്ള വഴി ഒരുക്കുകയും എന്നേയ്ക്കുമുള്ള അതിന്റെ ഫലം അനുഭവിക്കുവാൻ ഇടയാക്കുകയും ചെയ്തു. അവൻ എന്നെയും നിങ്ങളെയും പോലെയുള്ള പാപികളെ നിത്യമായ മരണത്തിൽ നിന്ന് രക്ഷിപ്പാനാണ് വന്നത്.

ഈ സൗജന്യമായ പാപക്ഷമ സ്വീകരിക്കുവാൻ നാം ഒരു കാര്യം മാത്രം ചെയ്യുവാനാണ് ബൈബിൾ ആവശ്യപ്പെടുന്നത് - **"അവനിൽ വിശ്വസിക്കുന്ന ഏവന്നും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും എന്നു സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു" (അ.പ്രവർത്തികൾ 10:43).**

**"യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9).**

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ താങ്കൾക്കും പാപക്ഷമയും ശുദ്ധീകരണവും സ്വീകരിക്കുവാൻ കഴിയും.

താഴെ കാണുന്ന വിധം ലളിതമായ ഒരു പ്രാർത്ഥന കഴിച്ചാൽ കർത്താവായ യേശുക്രിസ്തു താങ്കൾക്കുവേണ്ടി ക്രൂശിൽ നിവർത്തിച്ചത് എന്തെന്ന് അറിയുവാനും അവനിൽ വിശ്വസിക്കുവാനുള്ള തീരുമാനവും എടുക്കുവാൻ സഹായകമാകും. ഈ പ്രാർത്ഥനയിലൂടെ, താങ്കൾക്കുവേണ്ടി യേശു ചെയ്ത കാര്യങ്ങളെ അംഗീകരിപ്പാനും അതിലൂടെ നിങ്ങൾക്ക് പാപക്ഷമയും ശുദ്ധീകരണവും പ്രാപിക്കുവാൻ സാധിക്കും. ഈ പ്രാർത്ഥന ഒരു മാർഗ്ഗദർശി മാത്രമാണ്. നിങ്ങളുടേതായ സ്വന്തവാക്കുകളിലും നിങ്ങൾക്ക് പ്രാർത്ഥിക്കാവുന്നതാണ്.
*സ്നേഹവാനായ കർത്താവായ യേശുവേ, അവിടുന്ന് എനിക്കുവേണ്ടി ക്രൂശിൽ ചെയ്തത് എന്തെന്ന് ഇന്ന് എനിക്ക് ബോധ്യമായി. അവിടുന്ന് എനിക്കുവേണ്ടിയാണ് മരിച്ചത്, എന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തമായാണ് അങ്ങയുടെ വിലയേറിയ രക്തം ഒഴിക്കിയത്, അതുകൊണ്ട് എനിക്ക് പാപക്ഷമ ലഭിക്കും. ബൈബിൾ എന്നോടു പറയുന്നത്, നിങ്ങളിൽ ആരെല്ലാം അങ്ങയിൽ വിശ്വസിക്കുന്നുവോ അവരുടെ പാപങ്ങൾ ക്ഷമിക്കുമെന്നാണ്.*

*എനിക്കുവേണ്ടി അങ്ങ് ക്രൂശിൽ മരിക്കുകയും മരണത്തിൽ നിന്ന് അവിടുന്ന് ഉയിർത്തെഴുന്നേറ്റു എന്നും ഞാൻ അംഗീകരിക്കുകുയും വിശ്വസിക്കുകയും ചെയ്യുന്നു എന്ന് ഞാൻ ഇന്ന് തീരുമാനമെടുക്കുന്നു. എന്റെ നല്ലപ്രവർത്തികൾകൊണ്ട് എനിക്ക് എന്നെത്തന്നെ രക്ഷിക്കുവാൻ സാധ്യമല്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. മാത്രമല്ല ഒരു മനുഷ്യനും അതിന് സാധ്യമല്ല എന്നും ഞാൻ അറിയുന്നു. എന്റെ പാപങ്ങളുടെ ക്ഷമ നേടിയെടുക്കുവാനും എനിക്ക് സ്വതവേ സാധ്യമല്ല.*

*അവിടുന്ന് എനിക്കുവേണ്ടി മരിച്ചു എന്നും, എന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം അവിടുന്ന് വരുത്തി എന്നും, മരണത്തിൽ നിന്നും അവിടുന്ന് ഉയിർത്തെഴുന്നേറ്റു എന്നും, ഇന്ന് ഞാൻ വിശ്വസിക്കുകയും വിശ്വാസത്താൽ എന്റെ പാപങ്ങളുടെ ക്ഷമയും വിശുദ്ധീകരണവും ഞാൻ സ്വീകരിക്കുകയും ചെയ്യുന്നു...*

*നന്ദി യേശുവേ. അങ്ങയെ സ്നേഹിക്കുവാനും, കൂടുതൽ അറിയുവാനും, അങ്ങയോടു വിശ്വസ്തനായിരിപ്പാനും അവിടുന്ന് എന്നെ സഹായിക്കേണമേ. ആമേൻ.*

## All Peoples Church
## Bible College and Ministry Training Center

ഇന്ത്യയിലെ ബാംഗ്ലൂരിലുള്ള ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജ് & മിനിസ്ട്രി ട്രെയ്നിംഗ് സെന്ററെർ (APC-BC) ആത്മനിറവും, പരിശുദ്ധാത്മാവിന്റെ അഭിഷേകം നിറഞ്ഞതുമായ അമാനുഷിക ശക്തി ഏറ്റെടുത്ത് ശുശ്രൂഷിക്കുവാനും, അതൊടൊപ്പം ഉപദേശപരമായും ബൗദ്ധികമായും ദൈവവചനം പഠിക്കുവാനും ഉള്ള ഉത്തേജനം നൽകുന്നു. ദൈവവചനത്തെക്കുറിച്ച് ആഴത്തിലുള്ള അവഗാഹവും, ദൈവിക സ്വഭാവം സ്വായത്തമാക്കുവാനും, അടയാളങ്ങളാലും അത്ഭുതങ്ങളാലും പ്രകടമാകുന്ന ശുശ്രൂഷയും പ്രാപ്യമാകുന്നതിലൂടെ ദൈവവേലയെ വളർത്തിയെടുക്കാമെന്നും ഇവയെല്ലാം കർത്താവുമായുള്ള അകമഴിഞ്ഞ ഒരു ബന്ധത്തിലേക്ക് നയിക്കപ്പെടുന്നതിലൂടെ സാധ്യമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

APC-BC യിൽ, പ്രകടമാകേണ്ടുന്ന ദൈവസ്നേഹം സ്വായത്തമാക്കുവാനും, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനും അമാനുഷികമായ ദൈവപ്രവൃത്തികൾക്കും പ്രത്യേകം ഊന്നൽ നൽകുന്ന വിധത്തിലുമുള്ള അധ്യാപനമാണ് നൽകുന്നത്. ധാരാളം യുവതീയുവാക്കൾ ഇതിനോടകം പരിശീലിപ്പിക്കപ്പെടുകയും അവരിൽ ദൈവവിളി നിറവേറ്റുന്നതിനായി അയയ്ക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

മൂന്ന് പ്രോഗ്രാമുകളാണ് ഞങ്ങൾ നൽകുന്നത്:

ഒരു വർഷത്തെ Certificate in Theology and Christian Ministry (C.Th.)
രണ്ടു വർഷത്തെ Diploma in Theology and Christian Ministry (Dip.Th.)
മൂന്നു വർഷത്തെ Bachelor in Theology and Christian Ministry (B.Th.)

ദിവസേന വന്നുപോകുന്നവർക്ക് തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ 9:00am - 1:00pm വരെയും, ജോലിയുള്ളവർക്കും, ഗൃഹസ്ഥരായവർക്കും ഉച്ചയ്ക്കു ശേഷം 1 മണിക്കും ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. താമസിച്ചു പഠിക്കുവാൻ ആഗ്രഹിക്കുന്ന യുവതീയുവാക്കൾക്ക് വെവ്വേറെ താമസ സൗകര്യങ്ങൾ ലഭ്യമാണ്. എല്ലാ പ്രവൃത്തി ദിനങ്ങളിലും ഉച്ചകഴിഞ്ഞ് 2:00-5:00 വരെയുള്ള സമയങ്ങളിൽ ഫീൽഡ് വർക്കിനും, പ്രത്യേകമായുള്ള സെമിനാറുകൾക്കും, പ്രാർത്ഥന, ആരാധന സമയങ്ങളിലും പഠിതാക്കൾ പങ്കാളികളാകുന്നു. ഉച്ചകഴിഞ്ഞുള്ള സെഷനുകളിൽ ഹോസറ്റലിൽ താമസിച്ചു പഠിക്കാത്തവർ പങ്കെടുക്കേണമെന്ന് നിർബന്ധമില്ല. എല്ലാ വാരാന്ത്യത്തിലും ഓരോ പഠിതാവും ഒന്നോ അതിലധികമോ സഭകളിൽ പങ്കെടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു.

ഓൺലൈനായി അപേക്ഷിക്കുന്നതിനും കോളേജിന്റെ പാഠ്യപദ്ധതി, യോഗ്യതാ മാനദണ്ഡങ്ങൾ, പഠനചെലവുകൾ, അപേക്ഷാ ഫോം എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിന് ദയവായി സന്ദർശിക്കുക **apcwobiblecollege.org**

APC-BC is accredited by the Nations Association for Theological Accreditation (NATA)

സ്ത്രീകൾ ജോലി ചെയ്യുന്നത് ശരിയാണോ? ആളുകൾക്ക് ഈ കാര്യത്തിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ചിലർ ജോലി ചെയ്യാമെന്നും ചിലർ പാടില്ല, അവർ വീടിനകത്തു തന്നെ ഇരുന്നാൽ മതി പുറത്തേക്കു പോകേണ്ടതില്ല എന്നും പറയുന്നു. അവരൊക്കെ അവരുടെ അഭിപ്രായങ്ങൾ ശരിവയ്ക്കുന്നതിനായി തിരുവെഴുത്തുകൾ ഉദ്ധരിക്കാറുണ്ട്.

ദൈവം സ്ത്രീയുടെ പ്രാഥമിക ചുമതലയായി ഭർത്താവിന് ഒരു നല്ല ഭാര്യയായിരിക്കുവാനും മക്കൾക്ക് നല്ല അമ്മയായിരിക്കുവാനും വീട് പരിപാലിക്കുന്നവളും ആകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ളത് ശെരിയാണ്. പക്ഷെ ദൈവം ഒരിടത്തുപോലും സ്ത്രീ മറ്റൊരു കാര്യത്തിലും ഇടപെടാൻ പാടില്ല എന്ന് പ്രസ്താവിച്ചീട്ടില്ല. ദൈവവചനത്തിലുള്ള ഞങ്ങളുടെ പഠനത്തിൽ, ചരിത്രത്തിലുടനീളം, വീടുകൾക്ക് പുറത്ത്, സ്ത്രീകളെ വിവിധ കഴിവുകളിൽ ദൈവം ഉപയോഗിച്ചിട്ടുണ്ടെന്ന് ഞങ്ങൾ കണ്ടെത്തി. സ്ത്രീകൾ ജോലി ചെയ്യാൻ പാടില്ലെന്ന് ബൈബിൾ എവിടെയും വ്യക്തമാക്കിയിട്ടില്ല. വേദപുസ്തക വ്യാഖ്യാനത്തിൽ, ബൈബിൾ എന്തെങ്കിലും കാര്യത്തെ എതിർക്കുന്നില്ലെങ്കിൽ, അതിനർത്ഥം മറ്റ് അനുബന്ധ തിരുവെഴുത്തുകളുടെ അതിർവരമ്പുകൾക്കുള്ളിൽ നിന്നുകൊണ്ട് ശരിയായ തീരുമാനമെടുക്കാൻ ദൈവം നമ്മെ അനുവദിക്കുന്നു എന്നാണ്.

സഹോദരിമാരെ, ജനങ്ങൾ കൂടുന്നിടത്ത് ദൈവത്തിന് നിങ്ങളെ ആവശ്യമുണ്ട്, കാരണം അവരോടു സംസാരിക്കുവാൻ നിങ്ങളുടെ ശബ്ദവും അവരോടുള്ള സ്നേഹം വെളിപ്പെടുത്തുവാൻ നിങ്ങളുടെ ജീവിതവും ദൈവത്തിനാവശ്യമുണ്ട്. അതിനാൽ, ദൈവം നിങ്ങളെ ആക്കിയിരിക്കുന്ന നിങ്ങളുടെ ജോലിസ്ഥലത്ത് മാറ്റം വരുത്തുന്നവരാകുക!

ആശിഷ് റെയ്ച്ചൂർ

All Peoples Church & World Outreach
# 319, 2nd Floor, 7th Main, HRBR Layout
2nd Block, Kalyan Nagar, Bangalore 560 043,
Karnataka India

Telephone: +91-80-25452617
Email: contact@apcwo.org
Website: apcwo.org